കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
**email: dotsr. ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)124/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ- 680 020
Email: dotsr.ksad@kerala.gov.in

ഫോൺ: 0487 2331249
തീയതി: 12.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ . 3-1,3-2,3-3ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)124/2019 തീയതി: 12.03.2019

# തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.4.17 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-2018 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ<br>19.01.2019 വരെ |
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | ശ്രീമതി.വിജയശ്രീ.പി<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുധ.ഇ.എൻ<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷാജിത.കെ.എം,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇദ്രിസ് അബ്ദുള്ള, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലയളവ് |
|---|---|---|
| | ശ്രീമതി.വി.തങ്കമ്മ | 01.04.2017 മുതൽ 31.03.2018 വരെ |

| സെക്രട്ടറി | പേര് | കാലയളവ് |
|---|---|---|
| | ശ്രീ. പി.ടി.ഉണ്ണി.(സെക്രട്ടറി ഇൻ ചാർജ്) | 01.04.2017 മുതൽ 22.8.17വരെ |
| | ശ്രീ.വി.ശാന്താറാം | 23.8.17 മുതൽ 31.3.18 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | സജീവ്.എം.കെ | 01.04.2017 മുതൽ 15.09.2017FN വരെ |
| | ജോയ് മുരിങ്ങാത്തേരി | 16.09.2017AN മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | വിപിൻദാസ് | 01.04.2017 മുതൽ 31.3.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.മണികണ്ഠൻ.കെ | 01.04.2017 മുതൽ 17.9.17 വരെ |
| | ശ്രീമതി.സി.സി .സുഗുണാബായ് | 18.9.17 മുതൽ 31.10.17 വരെ |
| | ശ്രീ.മണികണ്ഠൻ.കെ | 1.11.17 മുതൽ 31.3.18 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.മിനി.കെ | 01.04.17 മുതൽ 31.3.18 വരെ |
| വ്യവസായവികസന ഓഫീസർ | ശ്രീ.രാജു.പി.എ | 01.04.2017 മുതൽ 31.03.2018 വരെ. |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ചന്ദ്രശേഖരൻ | 01.04.2017 മുതൽ 31.03.2018 വരെ. |
| ശിശു വികസന ഓഫീസർ | ശ്രീമതി.സരസ്വതി.എ | 01.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീമതി.റോസ് മോൾ(ഇൻ ചാർജ്) | 01.07.2017 മുതൽ 18.07.2017 വരെ |
| | ഡോ.ജയന്തി.പി.നായർ | 19.07.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗിരിജ.ആർ | 01.04.2017 മുതൽ 06.06.2017 വരെ |
| | ശ്രീ.ധർമ്മജൻ | 07.06.2017 മുതൽ 26.09.2017 വരെ |
| | ഷൈലജ ദേവി.എ.കെ | 27.09.2017 മുതൽ 11.01.2018 വരെ |
| | ശ്രീജ.വി (ഇൻചാർജ്) | 12.01.2018 മുതൽ 31.03.2018 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി, തിരുവില്വാമല | ഡോ.വാസുദേവൻ | 01.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| | ഭാഗം 2 | |
| 11 | കമ്മ്യൂണിറ്റി ഹാൾ വാടക സംബന്ധിച്ച് സർക്കാർ അംഗീകാരമുള്ള ബൈലോ നിലവിലില്ല. | 2-1 |
| 12 | ടെണ്ടർ ഫോം വില ലഭ്യമായില്ല | 2-2 |
| | ഭാഗം 3 | |
| 13 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് -ഫലപ്രാപ്തിയിലെത്തിയിട്ടില്ല | 3-1 |
| 14 | ചക്ക സംസ്കരണകേന്ദ്രം-അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുമ്പേ മെഷീനറി വാങ്ങി സ്ഥാപിച്ചു. | 3-2 |
| 15 | സ്കൂൾ ശുചിമുറി നവീകരണം-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു- നടപ്പാക്കിയ പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. | 3-3 |
| 16 | സംയുക്തപ്രൊജക്റ്റുകൾക്കായി കൈമാറിയ തുകയുടെ വിനിയോഗവിവരമില്ല. | 3-4 |
| 17 | കെട്ടിടനിർമ്മാണപ്രൊജക്റ്റുകൾ -പദ്ധതി ആസൂത്രണത്തിലെ അപാകതകൾ | 3-5 |
| 18 | റോഡ് പ്രവൃത്തികൾ -പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-6 |
| 19 | കെട്ടിടങ്ങളുടെ പൊളിച്ചു മാറ്റിയ ഭാഗങ്ങൾ - ലേലം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചില്ല.. | 3-7 |
| 20 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 3-8 |
| 21 | കുടിവെള്ള പദ്ധതികൾ -മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-9 |
| 22 | സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-10 |
| 23 | വനിത വ്യവസായ എസ്റ്റേറ്റിലേക്ക് വാട്ടർ കണക്ഷൻ- കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രശീതി ,വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-11 |
| 24 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല | 3-12 |
| 25 | വൗച്ചറുകൾ ഹാജരാക്കിയില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 26 | സെക്രട്ടറി നടപ്പാക്കിയ ഭവനനിർമ്മാണ പ്രൊജക്റ്റുകൾ-ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. | 3-14 |
| 27 | ലൈഫ് ഭവനപദ്ധതി പൂർത്തീകരണം- ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ കൃത്യത | 3-15 |

| | | |
|---|---|---|
| | പരിശോധനാവിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 28 | പാലിയേറ്റീവ് കെയർ പദ്ധതി-മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-16 |
| 29 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ. | 3-17 |
| 30 | വർക്കിംഗ് ഗ്രൂപ്പുകൾ -പ്രവർത്തനം തൃപ്തികരമല്ല | 3-18 |
| ഭാഗം-4 | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപം | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 41 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 42 | അനുബന്ധം 2 – ഓഡിറ്റ് സംക്ഷിപ്തം | |


## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 27.3.2017തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ്-960485710/-

പ്രതീക്ഷിത ചെലവ്-960135710/-

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പുതുക്കിയതായി ഫിനാൻസ് കമ്മറ്റി, ജനറൽ കമ്മറ്റി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 05.06.2018 | -- | -- |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 14.9.2018, 15.9.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3)1517/18/ തിയതി.1.11.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 39748911 |
| വരവ് | 182803368 |
| ആകെ | 222552279 |
| ചെലവ് | 171175273 |
| നീക്കിയിരിപ്പ് | 51377006 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 46577464 | 46577464 | 45621433 | 956031 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 23068397 | 23068397 | 22123767 | 944630 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 197000 | 197000 | 197000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7184505 | 7184505 | 7184505 | 0 |
| ബി ഫണ്ട് | | 0 | 240000 | 240000 | 240000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 24027 | 212996 | 237023 | 182912 | 54111 |
| | ട്രഷറി അക്കൗണ്ട്(GPG) | 7306422 | 3909202 | 11215624 | 10625376 | 590248 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 92 | 150274203 | 90 | 75126705 | 85(5എണ്ണം സ്പിൽഓവർ) | 2 | 94.56 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.1.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ സ്ഥാപനത്തിന് അന്നേ ദിവസം വരവില്ലെന്നും ക്യാഷ് ബാലൻസ് ഇല്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. കൃഷി, മൃഗസംരക്ഷണം ഒഴികെയുള്ള വിഷയങ്ങളിലെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിശോധനക്ക ലഭ്യമാക്കിയിട്ടില്ല. 5 ലക്ഷം രൂപയിൽ അധികമുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.
2017-18 വർഷത്തെ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനമില്ല.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2018 to 21.06.2018 | 2017-18 | 30.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.10.2012 to 8.10.2012 | 2007-08 to 2011-12 | 11.06.2013 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)

2. ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ബാങ്ക് ബാലൻസുകൾ പരിശോധനയ്ക്ക് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തു നോക്കിയതിൽ താഴെ പറയും പ്രകാരം പൊരുത്തക്കേടുകൾ കാണുന്നു. എന്നാൽ പൊരുത്തക്കേടുകൾ വിശദീകരിക്കുന്ന ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാലൻസിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുത്താനായില്ല.

| കോഡ് നമ്പർ | വിവരണം | അക്കൗണ്ട് നമ്പർ | പരിശോധനയ്ക്ക് ഹാജരാക്കിയ ബാങ്ക് പാസ് ഷീറ്റ് പ്രകാരം 31-03-2018 ലെ നീക്കിയിരിപ്പ് | പരിശോധനയ്ക്ക് ഹാജരാക്കിയ സാംഖ്യ ബാങ്ക് ബുക്ക് പ്രകാരം 31-03-2018 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ബാങ്ക് ബാലൻസ് |
|---|---|---|---|---|---|
| 450410103 | PNB-TSC Fund | 43335000100049869 Pazhayanur Branch | 4479711.54 | 2686749-00 | 2686749-00 |
| 450410104 | PNB-IAY Plan | 43335000100049939 Pazhayanur Branch | 36120434-64 | 24524744-00 | 24524744-00 |
| 450410106 | Nationalised Bank Special Fund-6 | 855810210000001 Bank of India Chelakkara Branch | 78,488-00 | 70,000-00 | 70,000-00 |

ബാങ്ക് അക്കൗണ്ടിലെ ബാലൻസും, ബ്ലോക്ക് പഞ്ചായത്തിലെ ബാങ്ക് ബുക്കിന്റെ മാസാന്ത്യ ബാലൻസും റീകൺസീലിയേഷൻ ചെയ്ത് സൂക്ഷിച്ചതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

3. ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റും, റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടും പരിശോധിച്ചതിൽ തഴെപറയുന്ന പൊരുത്തക്കേടുകൾ കാണുന്നു. വിശദീകരിക്കപ്പെട്ടിട്ടില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | | റസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | |
|---|---|---|---|---|
| | ഷെഡ്യൂൾ നമ്പർ | തുക | ഷെഡ്യൂൾ നമ്പർ | തുക |
| 130300101 Rent from Auditorum | 1-3 | 104400-00 | R.P.3 | 103500-00 |

| | | | | |
|---|---|---|---|---|
| Halls | | | | |
| 130900101<br>Rent<br>Remission and<br>Refund | 1-3 | 26100-00 | R.P-43 ൽ 431400101 Rent Receivable from buildings | |
| | | | R.P-43 | 25200-00<br>(കഴിഞ്ഞ വർഷത്തെ B/S പ്രകാരം 900/- രൂപ അധിക വരവുണ്ട്) |

വാടകയുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 20400/-രൂപയും അത്രതന്നെ കളക്ഷനും ഉണ്ടായിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. Rent from Buildings എന്നതിന് 130100101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഡിമാന്റ് രേഖപ്പെടുത്തേണ്ടത് എന്നാൽ 130900101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ഡിമാന്റ് രജിസ്റ്ററും, വർഷാന്ത്യ കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല.

| | | | | |
|---|---|---|---|---|
| 171100101<br>Interest from bank Accounts | 1-8 | 805537-00 | R.P.9 | 9725067-00 |
| 251200101<br>PHC,CHC & Other Hospitals/Dispensaries-General | 1-14 (a) | 10,000-00 | രേഖപ്പെടുത്തിയിട്ടില്ല. | |
| 251300101<br>Housing General | 1-14 (a) | 54694781-00 | R.P.16 | 15138574-00 |
| 252200101<br>Roads<br>General | 1-14(b) | 10,000 | രേഖപ്പെടുത്തിയിട്ടില്ല. | |

ഇത സംബന്ധിച്ച് 15.09.18 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായില്ല.

4. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-7 ൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ 47421/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വർക്ക്ഷീറ്റ്, പ്രോജക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല (ഇത സംബന്ധിച്ച്15-09-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായില്ല) ഇതിന്റെ പശ്ചാത്തലത്തിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ കൃത്യത പരിശോധിക്കുന്നതിനായിട്ടില്ല.

5. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-12 ൽ Investment Equity Shares എന്ന ശീർഷകത്തിൽ 5,99,870/-രൂപ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ, ഇൻവെസ്റ്റ്മെന്റ് രശീതിയോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഇൻവെസ്റ്റ്മെന്റിന്റെ കൃത്യത പരിശോധിക്കുന്നതിനായിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് 15.09.18 ന് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി എന്നാൽ ആയതിന് മറുപടി നൽകുകയോ, ആസ്തി രജിസ്റ്റർ ഹാജരാക്കുകയോ ഉണ്ടായില്ല. ആയതിനാൽ ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B-11ൽ രേഖപ്പെടുതിഉയിരിക്കുന്ന സ്ഥിരാസ്തികൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനായില്ല.

7. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ തുകയും, വാർഷിക പത്രികയിൽ പറയുന്ന Cash, cash-equivalents എന്നിവയുടെ മുന്നിരിപ്പ് - നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| Operating Activities, Investing Activities, Financing Activities<br>എന്നിവയുടെ ആകെ തുക | 79,291,263-00 |
| Increase/(decrease) in cash and cash equivalent | 11,628,095 |

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഉറപ്പാക്കുന്നതിനായില്ല.

8. ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ B4- ൽ താഴെ പറയുന്ന ശീർഷകങ്ങളിലെ രേഖപ്പെടുത്തലുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുകയോ, പ്രത്യേകം ACR എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

Contribution for joint Venture Projects (for revenue expenditure) from District Panchayath – 11036135/-

Contribution for joint Venture Projects (for centrally sponsored schemes) from village Panchayath – 6131156 /-

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കമ്യൂണിറ്റി ഹാൾ വാടക സംബന്ധിച്ച് സർക്കാർ അംഗീകാരമുള്ള ബൈലോ നിലവിലില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥയിൽ ഉള്ള എളനാട് കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഭരണസമിതിയുടെ 16.05.2000 ലെ 3(3)ാം നമ്പർ തീരുമാനപ്രകാരം കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ട് എങ്കിലും നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. വാടക സംബന്ധിച്ച ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫോം വില ലഭ്യമായില്ല

ബ്ലോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ഈ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2 പ്രകാരം തൻവർഷത്തെ ഇ-ടെണ്ടറുകളിൽ നിന്നും 96470/- യാണ് ലഭിക്കാനുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമായ 'Organisationwise Collection Print' പ്രകാരം 1.1.2017മുതൽ 4.11.2017വരെ 201648/-രൂപയും 6.2.2018 മുതൽ 27.11.2018 വരെ 107287/-രൂപയും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ തനതു വരുമാനമായ ടെണ്ടർ ഫീ തുകയുടെ നാളിതുവരെയുള്ള കൃത്യമായ കണക്ക് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രേഡിംഗ് യൂണിറ്റ് -ഫലപ്രാപ്തിയിലെത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172-ം വകുപ്പ്,1-ാം ഉപവകുപ്പ്, നാലാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന വിഷയമല്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(എം.എസ്) 72/17 /ത.സ്വ.ഭ.വ തിയതി 29.3.17 ഖണ്ഡിക 12.12.4 ശുചിത്വമേഖലയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രയോഗക്ഷമതയുള്ള ഇടങ്ങളിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിസെന്റർ സ്ഥാപിക്കുന്നതിന് ഭൂമി വാങ്ങി നൽകുക, ബെയ് ലിംഗ്, ഷ്രെഡിംഗ്, ഡീഡസ്റ്റിംഗ്, വാഷിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നത്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ചീരക്കുഴി എന്ന സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് 2017-18 ൽ സ്വന്തമായി വാങ്ങിയ സർവേ നമ്പർ 437/1 ൽ ഒരു ഏക്കർ സ്ഥലത്താണ് മാലിന്യ സംസ്കരണ സംവിധാനത്തിനായി സ്ഥലം ഒരുക്കിയിരിക്കുന്നത്. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തിരുവില്വാമല, പഴയന്നൂർ, ചേലക്കര, കൊണ്ടാഴി, പാഞ്ഞാൾ, വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തുകളിലെ മാലിന്യങ്ങൾ ശേഖരിച്ച് പ്രോസസ് പ്ലാസ്റ്റിക് ഉല്പാദിപ്പിക്കുകയാണ് പ്ലാന്റ് സ്ഥാപിച്ചതിന്റെ ലക്ഷ്യം.

പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2016/17, 2017-18, 2018-19 സാമ്പത്തികവർഷങ്ങളിൽ മാലിന്യസംസ്കരണം എന്ന ലക്ഷ്യത്തെ മുൻനിർത്തി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 2016-17 | | |
| പ്രൊജക്റ്റ് നം | പ്രൊജക്റ്റ് പേര് | ചെലവുതുക |
| 112/17 | മാലിന്യ,ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം | 1265000 |
| 2017-18 | | |
| 5/18 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പൂർത്തീകരണം | 1197000 |
| 7/18 | ബ്ലോക്ക് തല ശുചിത്വസേന | 657995 |
| 56/18 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ -സ്ഥലം വാങ്ങൽ | 2751800 |
| 107/18 | എസ്.സി വനിതകൾ ഉൾപ്പെട്ട ശുചിത്വസേനയുടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് കെട്ടിടനിർമ്മാണം | ചെലവ് ഇല്ല |
| 2018-19 (ഓഡിറ്റ് തിയതി വരെയുള്ള ചെലവ് ) | | |
| 75/19 (AE) | എസ്.സി വനിതകൾ ഉൾപ്പെട്ട ശുചിത്വസേനയുടെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് കെട്ടിടനിർമ്മാണം | 993795 |
| 22/19 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനങ്ങളുടെ പൂർത്തീകരണം | 1423018 |
| 82/19 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥലമെട്ടപ്പ് പൂർത്തീകരണം | 464672 |
| | ആകെ | 87,53280 |

**2016-17**

2016-17 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിലെ അധികവിവരങ്ങൾ രേഖപ്പെടുത്തിയതു പ്രകാരം വർക്ക് ഷെഡ്, സംഭരണഷെഡ്, മെഷനറി സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തി 1265500/- രൂപ അടങ്കലിൽ പ്രൊജക്റ്റ് തയ്യാറാക്കി YONG ENTERPRISES,Pattikkad,Malappuram എന്ന സ്ഥാപനത്തിന് ടെണ്ടർ നടപടികളിലൂടെ ഏൽപ്പിച്ചു നൽകുകയുണ്ടായി. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നമ്പർ 152/28.3.17 പ്രകാരം construction and erection of plasti----------------(ഇൻവോയ്സിൽ പൂർണ്ണമായി രേഖപ്പെടുത്തലില്ല) 1265000/- രൂപ അനുവദിച്ചിട്ടുണ്ട്.

2016-17 സാമ്പത്തികവർഷം പഴയന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ (1.3.17 ലെ 2(3)/17 നമ്പർ) തീരുമാനപ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വർക്ക് ഷെഡ്, സംഭരണഷെഡ്, മെഷനറി സ്ഥാപിക്കൽ എന്നിവയ്ക്കായി കോടത്തൂരിലെ മാലിന്യസംസ്കരണ പ്ലാന്റിലെ സ്ഥലം ബ്ലോക്ക്പഞ്ചായത്തിന് അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പ്രൊജക്റ്റ് നിർവ്വഹണം മേൽപറഞ്ഞ സ്ഥലത്ത് ആരംഭിക്കുകയുണ്ടായത്.(ഓഡിറ്റ് റിപ്പോർട്ട് 2016-17 ഖണ്ഡിക 3-21 ).

20.10.17തിയതിയിലെ സി-386/17 കത്തു പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്ത് കോടത്തൂരിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. പിന്നീട് 27.10.17 ലെ DB-08/ELE.SECTION,PZR/2017-18/145/BLOCK PANCHAYATH കത്തു പ്രകാരം ത്രീഫേസ് കണക്ഷന് ആവശ്യമായ തുക അടവാക്കുന്നതിന് കെ.എസ്.ഇ.ബി ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രണ്ടു തീരുമാനങ്ങളും നടപ്പാക്കിയില്ല. 2016-17 സാമ്പത്തികവർഷം പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിനായി പ്രവൃത്തികൾ ആരംഭിച്ചതിനു ശേഷം പിന്നീട് പ്രസ്തുത പ്രവൃത്തി ഉപേക്ഷിച്ച് ബ്ലോക്ക് പഞ്ചായത്ത് സ്വന്തമായി മാലിന്യസംസ്കരണത്തിനായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കാനുണ്ടായ സാഹചര്യം, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയോ ഭരണസമിതിയുടെയോ 2017-18 ലെ തീരുമാനങ്ങളിൽ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

2016-17 സാമ്പത്തികവർഷം YONG ENTERPRISES,Pattikkad,Malappuram പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സ്ഥലമായ കോടത്തൂരിൽ നിർവ്വഹിച്ച പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. സ്ഥാപനം ഫൈനൽബിൽ സമർപ്പിച്ചിട്ടില്ല.

**2017-18**

1.പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പൂർത്തികരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

ട്രഷറി ബിൽ നം.15/28.9.17 തുക-11,97000/-

2016-17 സാമ്പത്തികവർഷം വകയിരുത്തിയ തുക മുഴുവൻ വിനിയോഗിച്ചതിനാൽ 2017-18 സാമ്പത്തികവർഷം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പൂർത്തികരണം എന്ന പേരിൽ പുതിയ പ്രൊജക്ട് തയ്യാറാക്കി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റിനായി വാങ്ങിയ സ്ഥലത്ത് നടപ്പാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം. വികസനഫണ്ടിൽ നിന്നും 12 ലക്ഷം രൂപ വകയിരുത്തിയ മേൽ പ്രൊജക്ടിൽ ഇ-ടെണ്ടർ നടപടികൾക്കു പകരം ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ കുറവു തുക രേഖപ്പെടുത്തിയ YONG ENTERPRISES, Pattikkad, Malappuram ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാസംവിധാനമായി **ഹരിതകേരള മിഷൻ** പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. **ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ** എന്നിവയുടെ സാങ്കേതിക സഹായം തേടാവുന്നതാണ്എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ നടത്തിപ്പിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകാനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വമിഷനെയാണ്. എന്നാൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മാർഗ്ഗനിർദ്ദേശം സ്വീകരിക്കാതെ ടെണ്ടർ നടപടികളിലൂടെയാണ് പ്രൊജക്ട് നടപ്പാക്കിയിരിക്കുന്നത്.

പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.YONG ENTERPRISES,Pattikkad,Malappuram ഇൻവോയ്സ് നം.32/25.8.17 പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യന്ത്രങ്ങളുടെ ഇനം, അവയുടെ വില, സ്പെസിഫിക്കേഷൻ എന്നിവ ഇൻവോയ്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ഗ്രാമപഞ്ചായത്തിന്റെ കെട്ടിടനിർമ്മാണാനുമതി വാങ്ങിയതായി ഫയലിൽ ലഭ്യമല്ല.

3.ഇൻസിനറേറ്റർ ഉപയോഗിച്ചുള്ള ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സാങ്കേതികവിദ്യകൾ പരിസ്ഥിതി സൗഹൃദമല്ലാത്തതിനാൽ ഇൻസിനറേറ്റർ സ്ഥാപിക്കാനുള്ള സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അവ നടപ്പാക്കുന്നതിനു മുമ്പ് ശുചിത്വമിഷന്റെയോ,മലിനീകരണനിയന്ത്രണ ബോർഡിന്റെയോ സാങ്കേതികാനുമതി ലഭ്യമാക്കണമെന്ന് 2014 ൽ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മാലിന്യ സംസ്കരണപ്ലാന്റിന്റെ നിർമ്മാണത്തിന് ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതിയോ, പരിസരമലിനീകരണവുമായി ബന്ധപ്പെട്ട് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റോ ഹാജരാക്കിയില്ല.

<u>2.ബ്ലോക്ക്തല ശുചിത്വസേന</u>

പ്രൊജക്ട് നം-7/18

ട്രഷറി ബിൽ നം-16/28.9.17 തുക-93215/-

ട്രഷറി ബിൽ നം-77/23.3.18 തുക-564740/-

ലക്ഷ്യം-പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 108 ഗ്രാമവാർഡുകളിൽ ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുത്ത 3 എസ്.സി വനിതകളെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ ശുചിത്വ പരിപാടികൾ നടത്തുന്നു. കളക്ട് ചെയ്യുന്ന മാലിന്യത്തിൽ റിസൈക്കിളിംഗ് ചെയ്യാൻ പറ്റാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡിംഗ് യൂണിറ്റിൽ എത്തിക്കുന്നു. പരിപാടിയുടെ ആദ്യത്തെ 6 മാസം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും പിന്നീടുള്ള മാസങ്ങളിൽ ഓരോ വീട്ടിൽ നിന്നും 20/- രൂപ വീതം തുക ഈടാക്കുന്നു. വനിതാഘടകപദ്ധതിയിൽ 2100000/- രൂപ എസ്.സി.പി ഫണ്ട് വകയിരുത്തിയാണ് പ്രൊജക്ട് തയ്യാറാക്കിയത്. എന്നാൽ 14.7.17 ലെ ഭരണസമിതിയുടെ 16-ാം നമ്പർ തീരുമാന പ്രകാരം പ്രൊജക്ടിൽ അധികവിവരം ഉൾപ്പെടുത്താൻ വിട്ടു പോയതിനാൽ ശുചിത്വസേനയിലെ ഓരോ അംഗത്തിനും യൂണിഫോം, കൈയുറ എന്നിവയും, ഓരോ യൂണിറ്റിലേക്കും അർബാന എന്നിവയും നൽകുന്നതിന് തീരുമാനിച്ചു. ആയതു പ്രകാരം പ്രൊജക്ട് റിവൈസ് ചെയ്തിട്ടുണ്ട്.(ഓഡിറ്റിൽ ഹാജരാക്കിയില്ല).

പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പേ അംഗങ്ങൾക്ക് യൂണിഫോം, കൈയുറ എന്നിവ വിതരണം നടത്തിയിട്ടുണ്ട്. വിതരണരേഖകൾ ഹാജരാക്കിയില്ല. കൂടാതെ 110 അർബാനകൾ വാങ്ങിയതിൽ 108 എണ്ണം 6 ഗ്രാമപഞ്ചായത്ത് സി.ഡി.എസ് കൈപ്പറ്റിയതായി 19.11.18 ൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നടന്ന 14.1.19 മുതൽ 19.1.19 വരെ 46 അർബാനകൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സുരക്ഷിതമല്ലാത്ത രീതിയിൽ കൂട്ടിവെച്ചിരിക്കുകയാണ്. അർബാനകൾ സുരക്ഷിതമായ രീതിയിൽ സൂക്ഷിക്കുകയോ അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിലെ ശുചിത്വസേനാംഗങ്ങൾക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.4/16.1.19 നു നൽകിയ മറുപടിയിൽ ഇൻവോയ്സ് നം.32/25.8.17 ൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ബൈലിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിനാണ് പണം അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ വെറ്റിംഗ് ഓഫീസർ ജില്ല കോർഡിനേറ്റർ സമ്പൂർണ്ണ ശുചിത്വം ആയതിനാല്‍ അവിടെ നിന്നും അംഗീകാരം വാങ്ങി ഡിപിസി അംഗീകാരം ലഭിച്ച്തിനാലാണ് പദ്ധതി നടപ്പാക്കിയതെന്നും അറിയിച്ചു.

**പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തൽ-ഭൗതിക പരിശോധന**

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്ലിംഗ് യൂണിറ്റ്, ഇൻസിനറേറ്റർ എന്നിവ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇൻസിനറേറ്ററിൽ **YONG ENTERPRISES ന്റെ പേര് ആലേഖനം ചെയ്തിട്ടുണ്ട്. എന്നാൽ** പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്ലിംഗ് യൂണിറ്റ് എന്നിവയിൽ ഏതു കമ്പനിയുടെ ഉപകരണമാണെന്നോ, അവയുടെ സ്പെസിഫിക്കേഷനോ രേഖപ്പെടുത്തിയിട്ടില്ല. ത്രീഫേസ് കണക്ഷനില്ലാത്തതിനാൽ 2018-19 ൽ ജനറേറ്റർ വാങ്ങുകയും അതുപയോഗിച്ച് പ്രവർത്തനം ചെറിയ രീതിയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇൻസിനറേറ്റർ നാളിതുവരെ ഉപയോഗിച്ചിട്ടില്ല.





പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്ലിംഗ് യൂണിറ്റ് ഇൻസിനറേറ്റർ

**മാലിന്യം ശേഖരിക്കുന്ന രീതി**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എ പ്രകാരം ഖരമാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ഉചിതമായ ഏർപ്പാടുകൾ ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ രൂപീകരിച്ച ബ്ലോക്ക്തല ശുചിത്വ സേനമാലിന്യം കളക്ട് ചെയ്തുതുടങ്ങിയെന്നും, എന്നാൽ മാലിന്യ സംസ്കരണകേന്ദ്രത്തിലേക്ക് എത്തിക്കേണ്ട വാഹനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകളായതിനാൽ കളക്ട് ചെയ്ത മാലിന്യം വാർഡുകളിൽതന്നെ സൂക്ഷിച്ചിരിക്കുകയാണെന്നാണ് എക്സിറ്റ് യോഗത്തിൽ ബന്ധപ്പെട്ടവർ അറിയിച്ചത്. കളക്ട് ചെയ്ത മാലിന്യങ്ങൾ മാലിന്യ സംസ്കരണകേന്ദ്രത്തിലേക്ക് എത്തിക്കുന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളുമായി ധാരണകൾ ഉണ്ടാക്കിയിട്ടുള്ളതായി ഫയലിൽ വ്യക്തമല്ല. വീടുകളിൽ നിന്നുംശേഖരിക്കുന്ന മാലിന്യം സ്രോതസ്സിൽ വെച്ചുതന്നെ വേർതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ, വെർമി കംപോസ്റ്റ്, വിൻഡ്രോ കംപോസ്റ്റ് എന്നിവ ഉത്പാദിപ്പിച്ച് കർഷകർക്ക് പ്രയോജനപ്പെടുന്നവിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടോ എന്നതും ബ്ലോക്ക്പഞ്ചായത്ത് പരിശോധിച്ചിട്ടില്ല. .

**ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ**

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017** പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. ശുചിത്വസേന വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതായാണ് സമാപനയോഗത്തിൽ അറിയിച്ചത്.

**പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ**

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രെഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും

ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പൊടിച്ചെടുക്കുന്ന പ്ലാസ്റ്റിക് അത്തരത്തിൽ പ്രയോജനപ്പെടുത്തുന്നതിനോ ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് സംവിധാനം</u>

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. വർക്കിംഗ് ഗ്രൂപ്പിൽ ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പിന്റ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലെ 6 ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയാണ് പ്രോജക്റ്റുകൾ നടപ്പാക്കിയതെങ്കിലും 2017-18 ഓഡിറ്റിന്റെ സമയത്ത് കൊണ്ടാഴി ഗ്രാമപഞ്ചായത്ത്, വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് എന്നിവ സ്വന്തമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളതായും എന്നാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതായും പരിശോധനയിൽ ബോധ്യപ്പെട്ടു. ഇപ്രകാരം ഗ്രാമപഞ്ചായത്തുകൾ സ്വന്തമായി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചതുവഴി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോസസിംഗ് യൂണിറ്റ് എപ്രകാരമാണ് പ്രവർത്തിക്കാനാവുക എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും തമ്മിൽ പ്രോജക്റ്റിന്റെ രൂപീകരണത്തിലോ, നിർവ്വഹണ ഘട്ടത്തിലോ യാതൊരു തരത്തിലുള്ള ആശയവിനിമയങ്ങൾ നടത്തുകയോ മാലിന്യം ബ്ലോക്ക് പഞ്ചായത്തിന്റെ ഷ്രെഡിംഗ് യൂണിറ്റിൽ എത്തിക്കുന്നത് സംബന്ധിച്ച് കരാറിലോ ഏർപ്പെട്ടിട്ടില്ല.
2. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ ശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

3. ശുചിത്വസേനയുടെ പ്രവർത്തനം പൂർണ്ണമായി ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.

4. പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 3-2 ചക്ക സംസ്ക്കരണകേന്ദ്രം-അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു മുമ്പേ മെഷീനറി വാങ്ങി സ്ഥാപിച്ചു.

പ്രൊജക്റ്റ് നം.53/18, ചക്ക സംസ്കരണകേന്ദ്രം

**നിർവ്വഹണം**-ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

**പ്രൊജക്റ്റ് ലക്ഷ്യം**- ചക്ക സംസ്കരണ കേന്ദ്രം വർക്ക്ഷെഡ് പണിയുന്നതിന് 300000/- രൂപയും മെഷിനറി വാങ്ങുന്നതിന് 1200000/- രൂപയും വകയിരുത്തുന്നു.
**ചെലവ്-**

ട്രഷറി ബിൽ നം-46/16.1.18 തുക-12,00,000/ (മെഷിനറി വാങ്ങൾ)

ട്രഷറി ബിൽ നം-52/19.2.18 തുക-2,79,537/- (വർക്ക് ഷെഡ് നിർമ്മാണം) ആകെ -14,79,537/-

**പ്രൊജക്റ്റ് നിർവ്വഹണം-**
**1.വർക്ക് ഷെഡ്**

വർക്ക് ഷെഡ് പണിയുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ കുറവു തുക രേഖപ്പെടുത്തിയ രവി രാജൻ, അത്താണിപറമ്പിൽ, തൃശ്ശൂർ എന്നവർക്ക് വർക്ക് ഷെഡ് പണിയുന്നതിനുള്ള വർക്ക് ഓർഡർ നൽകി ഷെഡ് നിർമ്മാണം 18.12.17 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് 273889/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. വർക്ക് ഷെഡിന്റെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. വർക്ക്ഷെഡ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കിയിട്ടില്ല.

ചക്ക സംസ്കരണകേന്ദ്രത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിപൂർത്തീകരണം സംബന്ധിച്ചും, കേന്ദ്രം നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും, ചക്കസംസ്കരണകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനും, ചക്കകൾ സംഭരിക്കുന്നതിനും സ്വീകരിച്ച

നടപടികൾ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ചക്ക സംസ്കരണകേന്ദ്രത്തിന്റെ തറവിസ്തീർണ്ണം കെ.പി.ബി.ആർ ബാധകമല്ലാത്ത തരത്തിലല്ലാത്തതിനാലും വർക്ക്ഷെഡ് ഒരു സ്ഥിരസ്വഭാവമുള്ള കെട്ടിടം അല്ലാത്തതിനാലും അനുമതിക്കു വേണ്ടി അപേക്ഷ നൽകിയിട്ടില്ലാത്തതും, എന്നാൽ ഗ്രാമപഞ്ചായത്ത് വൈദ്യുതികണക്ഷന് വേണ്ടി നമ്പർ അനുവദിച്ചിട്ടുള്ളതുമാണെന്നും, 2018-19 ൽ ചക്ക സംസ്കരണകേന്ദ്രത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കും, ചക്ക സംഭരണത്തിനു വേണ്ടിയുള്ള ഷെഡിനും പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളതായും അപാകതകൾക്കുള്ള മറുപടിയായി (ഓഡിറ്റ് എൻക്വയറി നം.5/16.1.19) ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്.

**2.മെഷീനറി വാങ്ങൽ**

ചക്കസംസ്കരണകേന്ദ്രത്തിലേക്ക് മെഷീനറി വാങ്ങുന്നതിനായി നം.സി 342/17 പ്രകാരം 10.8.17 ൽ ദേശാഭിമാനി ദിനപത്രത്തിൽ ടെണ്ടർ പരസ്യം നൽകുകയും ലഭിച്ച 2 ടെണ്ടറുകളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ആൻഫാർമ എക്വിപ്മെന്റ്, പേരാമ്പ്ര, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ 1200000/- രൂപയുടെ ടെണ്ടർ 18.8.17 ലെ ഭരണസമിതി തീരുമാനം 343/17 പ്രകാരം അംഗീകരിക്കുകയും ചെയ്തു.

പ്രൊജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)13/2015/ഐ.ടി.ഡി 12.5.15 പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിക്കണം. എന്നാൽ ഇ-ടെണ്ടർ നടപടികൾക്കു പകരം സാധാരണ ടെണ്ടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (4/16.1.19)നൽകിയ മറുപടിയിൽ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിശ്ചയിക്കപ്പെട്ടതിനാലും, എൻ.ഐ.സി വഴി ഇ.ടെണ്ടർ അനുമതി ഗ്രാമവികസനവകുപ്പിൽ നിന്നും സർക്കാരിൽ നിന്നും ലഭിക്കാത്തതിനാലും ആണ് മാന്വൽ ടെണ്ടർ നടത്തിയതെന്നും അറിയിക്കുകയുണ്ടായി.

2.തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)259/2010.ത.സ്വ.ഭ.വ തിയതി.8.11.10 ലെ നിർദ്ദേശപ്രകാരം മതിപ്പു വില 100000/- രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. കൂടാതെ ടെണ്ടർ ഫോറത്തിന്റെ വിൽപ്പന, ടെണ്ടർ സമർപ്പണം എന്നിവയ്ക്ക് 21 ദിവസം അനുവദിക്കേണ്ടതുമാണ്. എന്നാൽ 12 ലക്ഷം രൂപയുടെ മെഷീനറി വാങ്ങുന്നതിന് മലയാള ദിനപത്രത്തിൽ നൽകിയ ടെണ്ടർ പരസ്യത്തിൽ 7 ദിവസത്തെ കാലാവധി മാത്രമാണ് ടെണ്ടർ വിൽപ്പന, ടെണ്ടർ സമർപ്പണം എന്നിവയ്ക്ക് നൽകിയിരുന്നത്. ഇത് മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് വിഘാതമുണ്ടാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

3. 200/- രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച മുദ്രപത്രത്തിൽ കരാറിന്റെ തീയതിയോ, കരാർ വ്യവസ്ഥകളോ ഒന്നും തന്നെ എഴുതിയിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥനോ സാക്ഷികളോ ആയതിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വ്യവസ്ഥകളില്ലാത്ത കരാർ സൂക്ഷിച്ചിരിക്കുന്നത് എന്തിനെന്ന് വ്യക്തമല്ല.

4.ആൻഫാർമ എക്വിപ്മെന്റ്, പേരാമ്പ്ര, തൃശ്ശൂരിന്റെ ഇൻവോയ്സ് നം.7/28.11.17 ൽ Jack fruit processing unit എന്നു മാത്രം രേഖപ്പെടുത്തി ബിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ ഏതെല്ലാം യന്ത്രങ്ങളാണെന്നോ, അവയുടെ സ്പെസിഫിക്കേഷനോ, ഓരോ യന്ത്രത്തിന്റെ വിലയോ രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടറിനോടൊപ്പം സ്ഥാപനം സമർപ്പിച്ച മെഷീനറികളുടെ ലിസ്റ്റിൽ താഴെ പറയുന്നവ രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | JACK FRUIT CHIPS UNIT | HALF BALL TYPE DOUBLE JACKETED KETTLE WITH THERMI FLUID OIL AS HEAT TRANSFER MEDIA<br>VESSEL CAPACITY-30 LTR<br>MATERIAL OF CONSTRUCTION-SS304<br>MAX.OUTPUT-50KG/HOUR |
| 2 | .POWDER MILL | CRUSHING THE JACK FRUIT SEEDS AND MAKE IT AS POWDER<br>MATERIAL OF CONSTRUCTION-SS304<br>CHAMBER WIDTH-100MM<br>INNER DIA OF CRUSHING CHAMBER-300 MM<br>MOTOR-10HP<br>MAX.OUTPUT-50KG/HOUR |
| 3 | TRAY DRIER | CAPACITY-300KG/LOADING<br>INSIDE CABINET-SS304 |

| | | |
|---|---|---|
| | | OUTSIDE CABINET-MS<br>NO.OF TRAYS-20-24 NOS<br>TRA SIZE-32*16*1 1/4 CM<br>MAX.initial moisture content-75%<br>Drying time-6-8 hours<br>power consumption-14 KWT |
| 4 | SS Table | MATERIAL OF CONSTRUCTION-SS304<br>size-4x6 |
| 5 | VIBRO SWIFTER | The machine is suitable for sifting granules and powder<br>Model-20” diameter<br>screen size-750mm<br>motor-0.5 HP<br>RPM-1440<br>power consumption-0.75 KWT |
| | TOTAL | 1200000/- |

<u>ചക്ക സംസ്കരണകേന്ദ്രം-ഭൗതിക പരിശോധന</u>

1.ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനോടു ചേർന്ന് പണിത ചക്ക സംസ്കരണ കേന്ദ്രത്തിന്റെ വർക്ക്ഷെഡും, മെഷീനറിയും 18.1.19 ൽ ഭൗതിക പരിശോധന നടത്തുകയുണ്ടായി.ചക്ക സംസ്കരണകേന്ദ്രത്തിൽ POWDER MILL,VIBRO SWIFTER എന്നിവ സ്ഥാപിക്കുകയും SS Table ഷെഡിൽ കിടക്കുന്നുമുണ്ട്.





POWDER MILL VIBRO SWIFTER വർക്ക്ഷെഡ്

എന്നാൽ JACK FRUIT CHIPS UNIT ന വേണ്ടിയുള്ള HALF BALL TYPE DOUBLE JACKETED KETTLE WITH THERMI FLUID OIL AS HEAT TRANSFER MEDIA,VESSEL CAPACITY-30 LTR,TRAY DRIER എന്നിവ സ്ഥാപിച്ചതായി കാണുന്നില്ല.ബ്ലോക്ക് പഞ്ചായത്തിലും മേൽപറഞ്ഞവ ലഭിച്ചതായി രേഖകളില്ല.സ്റ്റോക്ക് രജിസ്റ്ററിൽ Jack fruit processing unit എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കാത്ത മെഷീനറികൾക്ക് ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നത് എന്നതിനാൽ ആയതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി മെഷീനറികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനം മെഷീനറികൾ ഹാജരാക്കാത്ത പക്ഷം സർക്കാരിനുണ്ടായ നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ചക്ക സംസ്കരണകേന്ദ്രത്തിൽ നാളിതുവരെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

3.ചക്ക സംസ്കരണ കേന്ദ്രത്തിന്റെ നടത്തിപ്പിനായി 5 വനിതകൾ ഉൾക്കൊള്ളുന്ന ജോയിന്റ് ലയബിലിററി ഗ്രൂപ്പ് രൂപീകരിച്ചതായി സമാപനയോഗത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ 6 മാസത്തിനു ശേഷം മാത്രമേ ഗ്രൂപ്പിന് ഗ്രേഡിംഗ് ലഭിക്കുകയുള്ളൂ എന്നതിനാൽ സംഘം പ്രവർത്തനമാരംഭിച്ചിട്ടില്ല.

4.ചക്ക സംഭരണത്തിനായി 2018-19 ൽ സംഭരണകേന്ദ്രം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 18.1.19 തീയതിൽ വർക്ക്ഷെഡിന്റെ മുൻഭാഗത്തായി തറയ്ക്ക് അസ്ഥിവാരം കീറുന്ന പ്രവ്യത്തി ആരംഭിച്ചിട്ടേ ഉള്ളൂ. ചക്ക സംഭരിച്ച് വെക്കേണ്ട സംഭരണകേന്ദ്രം ഇല്ലാതെയും, നടത്തിപ്പ് ചുമതല ഏറ്റെടുക്കുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്താതെയും, വർക്ക് ഷെഡിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാതെയും പ്രൊജക്റ്റിന്റെ ആദ്യഘട്ടത്തിൽ തന്നെ മെഷീനറികൾ വാങ്ങി സ്ഥാപിച്ചത് ശരിയായ നടപടിയല്ല. ചക്ക ഉപയോഗിച്ചുള്ള ഏതെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങളാണ് സംസ്കരണകേന്ദ്രത്തിൽ ഉല്പാദിപ്പിക്കുക എന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വ്യക്തമായ ലക്ഷ്യബോധമില്ലാതെയാണ് പ്രോജക്റ്റ് നടപ്പാക്കിയതെന്ന് കാണാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ സ്ഥാപിച്ചിട്ടുള്ള മെഷീനറികൾ ചക്ക സംസ്കരണകേന്ദ്രം യാഥാർത്ഥ്യമാകുമ്പോഴേക്കും ഉപയോഗ ശൂന്യമാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനം സ്ഥാപിച്ച തരേണ്ടതായ മെഷീനറികൾ മുഴുവൻ സ്ഥാപിച്ച് ചക്ക സംസ്കരണകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതു വരെ ചെലവുതുക 1200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 സ്ക്കൂൾ ശുചിമുറി നവീകരണം-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു- നടപ്പാക്കിയ പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്റ്റ്.നം-111/18(സ്കൂൾ ശുചിമുറി നവീകരണം)

ചെക്ക് നം.302305/31.3.18 തുക-17,92,962/-(നിർമ്മൽ പുരസ്കാര വിഹിതം)

പ്രവൃത്തി നടപ്പാക്കിയ സ്ഥാപനം-YONG ENTERPRISES,MALAPPURAM

**1.പ്രൊജക്റ്റിലെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ, വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ സ്ഥാപിക്കുക വഴി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

**2.പ്രൊജക്റ്റ് ആസൂത്രണം**

ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 28.4.17 ലെ തീരുമാനം 1 പ്രകാരം നിർമ്മൽ ഗ്രാമപുരസ്കാരം ലഭിച്ച 2000000/- രൂപയിൽ ചെലവായ തുക കഴിച്ച് ബാക്കി സംഖ്യ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം.49869 ൽ ബാക്കി നിൽക്കുന്ന സാഹചര്യത്തിലും, ബഹു കേരള സർക്കാർ പൊതു വിദ്യാഭ്യാസ യജ്ഞം പ്രഖ്യാപിക്കുകയും, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പെൺകുട്ടികൾക്ക് വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട 10 ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളിലേക്കും മേൽപ്പറഞ്ഞവ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ജനറൽകമ്മറ്റിയിലേക്ക് ശുപാർശ ചെയ്യാനും തീരുമാനിച്ചു. വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കാനും തീരുമാനിച്ചു.

ഭരണസമിതിയുടെ 14.7.17 ലെ തീരുമാനം 13 പ്രകാരം നിർമ്മൽ ഗ്രാമപുരസ്കാരം ലഭിച്ച സംഖ്യ പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും പിൻവലിച്ച് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നോ, അവരുടെ അംഗീകൃത ഏജൻസിയിൽ നിന്നോ സാനിറ്ററി വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട 10 ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളിലേക്ക് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.ഭരണസമിതിയുടെ 14.7.17 ലെ തീരുമാനം 25 പ്രകാരം സ്കൂളുകളുടെ ലിസ്റ്റ് അംഗീകരിച്ചു. 17.2.18 ലെ 1(2) തീരുമാനത്തിൽ നിർമ്മൽ പുരസ്കാര തുക ഉപയോഗിച്ച് സ്കൂൾ ശുചിമുറി നവീകരണം എന്ന പേരിൽ പ്രൊജക്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചു.

**3.പ്രൊജക്റ്റ് നിർവ്വഹണം**

27.517 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ HLL LifeCare Limited എന്ന പൊതു മേഖല സ്ഥാപനത്തിന്റെ കേരളത്തിലെ ഫ്രാഞ്ചൈസിയായYONG ENTERPRISES,MALAPPURAM ത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 13.3.18 ലെ 6(7) തീരുമാനപ്രകാരം സാനിറ്ററി വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് വേണ്ടി തീരുമാനിക്കുകയും,YONG ENTERPRISES ന് ഇവ സ്ഥാപിച്ച വകയിൽ 1792962/- രൂപ നൽകുന്ന കാര്യം ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ ചെലവുകൾ 500000/- രൂപയ്ക്ക് മുകളിൽ വരുന്നതിനാൽ ഇ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണം ബ്ലോക്ക് പഞ്ചായത്ത് ചുമതലയിൽപ്പെടുന്ന പ്രവൃത്തിയല്ല എന്നതിന്റെ അടിസ്ഥാനത്തിലും ചെലവുകൾക്ക് സെക്രട്ടറി വിയോജനം അറിയിച്ചു. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 15.3.18 ലെ നം.സി-240/2018 കത്തു പ്രകാരം സെക്രട്ടറിയുടെ വിയോജനക്കുറിപ്പിൻമേൽ ഭരണസമിതിയുടെ തീരുമാനം അംഗീകരിച്ച് സാധൂകരണം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തു നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. 13.3.18 ലെ യോഗത്തിൽ സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാനസർക്കാരിലേക്ക് കത്ത് നൽകുകയും, 15 ദിവസം പൂർത്തിയായ ശേഷം സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത സാഹചര്യത്തിലും ബഹു.ചേലക്കര എം.എൽ.എ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രഖ്യാപിച്ച സാഹചര്യത്തിലും ഡി.പി.സി അംഗീകാരം ലഭിച്ചതിനാലും 1792962/- രൂപ സ്ഥാപനത്തിന് നൽകാൻ 31.3.18 ലെ 10(1) തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**4. <u>ഇൻവോയ്സ് പ്രകാരം സ്ഥാപനം രേഖപ്പെടുത്തിയ ചെലവുകൾ</u>**

YONG ENTERPRISES,MALAPPURAM ത്തിന്റെ ഇൻവോയ്സ് നം.31/25.8.17 രേഖപ്പെടുത്തിയ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക | സി.ജി.എസ്.ടി | എസ്.ജി.എസ്.ടി | ആകെ തുക |
|---|---|---|---|---|---|---|
| സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ | 27 | 13617 | 367659 | 51472.26 | 51472.26 | 470603.52 |
| സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ | 27 | 17789 | 480303 | 43227.27 | 43227.27 | 566757.54 |
| ഹാപ്പി ഡേയ്സ് നാപ്കിൻ | 135 CAS | 964.29 | 130179.15 | 7810.75 | 7810.75 | 145800.65 |
| ബാറ്ററി | 27 | 1190 | 32130 | 4498.2 | 4498.2 | 41126.4 |
| AMC | 27 | 7400 | 199800 | 17982 | 17982 | 235764 |
| **ട്രെയിനിംഗ് ചാർജ്** | 27 | 1000 | 27000 | 2430 | 2430 | 31860 |
| **ട്രാൻസ്പോർട്ടേഷൻ & ഡെലിവറി ചാർജ്** | 27 | 5000 | 135000 | 3375 | 3375 | 141750 |
| ഇൻസ്റ്റലേഷൻ ചാർജ് | 27 | 5000 | 135000 | 12150 | 12150 | 159300 |
| | | | 1507071 | 142945.48 | 142945.48 | 1792962.11 |
| | | | | | | 1792962.00 |

സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ സാനിറ്ററി നാപ്കിൻ 1 യൂണിറ്റിന് 2540/- രൂപ നിരക്കിൽ 135 case ന് 342962/- രൂപയും, സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ ഒരെണ്ണത്തിന് 24074/- രൂപ നിരക്കിൽ 27 എണ്ണത്തിന് 650000/- രൂപയും,സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ ഒരെണ്ണത്തിന് 29630/- രൂപ നിരക്കിൽ 27 എണ്ണത്തിന് 800000/- രൂപയും ഉൾപ്പെടെ ആകെ 1792962/- രൂപയാണ് രേഖപ്പെടുത്തിയിരുന്നത്.

പ്രൊജക്റ്റിന്റെ നിർവ്വഹണഘട്ടത്തിൽ പ്രൊജക്റ്റിന്റെ നടത്തിപ്പ് ശരിയായ വിധത്തിൽ മോണിറ്ററിംഗ് നടത്തിയിരുന്നെങ്കിൽ താഴെ പറയുന്ന അധിക ചെലവുകൾ ഒഴിവാക്കാമായിരുന്നു.

**1.ട്രെയിനിംഗ് ചാർജ്**- 10 സ്കൂളുകളിൽ മാത്രമാണ് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ,സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചത്. 1സ്കൂളിന് 1000/- രൂപ +18 % ജി.എസ്.ടി കണക്കാക്കിയിരുന്നെങ്കിൽ ആകെ ചെലവ് 1180/- രൂപയും 10 സ്കൂളിന് 11800/- രൂപ മാത്രമേ ചെലവ് വരുമായിരുന്നുള്ളൂ. ആയതിനു പകരം 27 എണ്ണം കണക്കാക്കിയതിനാൽ 31860/- രൂപ ഈയിനത്തിൽ നൽകേണ്ടിവന്നു.അധികം നൽകേണ്ടി വന്നത് 20060/- രൂപ.

**2.ട്രാൻസ്പോർട്ടേഷൻ & ഡെലിവറി ചാർജ്**

10 സ്കൂളുകളിൽ മാത്രമാണ് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ, സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചത്. ട്രെയിനിംഗ് ചാർജ് കണക്കാക്കിയതു പോലെ ഈ ഇനത്തിലും ഒരെണ്ണത്തിന് 5000+ 5% ജി.എസ്.ടിയാണ് കണക്കാക്കിയിരിക്കുന്നത്. 10 സ്കൂളുകളിലേക്കുള്ള ട്രാൻസ്പോർട്ടേഷനു പകരം മെഷീനുകളുടെ എണ്ണത്തിനനുസരിച്ചാണ് **ട്രാൻസ്പോർട്ടേഷൻ & ഡെലിവറി ചാർജ്** കണക്കാക്കിയിരിക്കുന്നത്.

**3.പ്രൊജക്റ്റ് രൂപീകരണത്തിലെ അപാകത**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 173-ാം വകുപ്പ്,1-ാം ഉപവകുപ്പ്,അഞ്ചാം പട്ടിക പ്രകാരം സർക്കാർ ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(എം.എസ്) 72/17 *ത.സ്വ.ഭ.വ തിയതി 29.3.17 ഖണ്ഡിക 12.12.4 ശുചിത്വമേഖലയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളും വ്യക്തമാക്കിയിട്ടുണ്ട്. കേരളസർക്കാർ പൊതുവിദ്യാഭ്യാസ (യു) വകുപ്പ്, തിരുവനന്തപുരത്തിന്റെ നം.63120യു*3/2015/പൊ.വി സർക്കുലർ പ്രകാരം ഹയർ സെക്കണ്ടറി *വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം ശുദ്ധമായ കുടിവെള്ളം, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജലലഭ്യതയോടു കൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നി സൗകര്യം ഹയർസെക്കണ്ടറി,* വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ നടത്തിപ്പിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കേണ്ടതാണ്. നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഇല്ലാത്ത പക്ഷം ആയത് ഏർപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ ആയത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടില്ലാത്തതാണ്. ഇപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത, സർക്കാർ ഏൽപ്പിച്ചുകൊടുക്കാത്ത പദ്ധതിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് തുക വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല.

**6.സ്ഥലപരിശോധന**

സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ,സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ച സ്കൂളുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്കൂൾ | സ്റ്റോക്ക് കൈപ്പറ്റിയതിന്റെ സാക്ഷ്യപത്രം | | സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം | |
|---|---|---|---|---|---|
| | | വെൻഡിംഗ് മെഷീൻ | ഇൻസിനറേറ്റർ | വെൻഡിംഗ് മെഷീൻ | ഇൻസിനറേറ്റർ |
| 1. | ലിറ്റിൽ ഫ്ലവർ ഗേൾസ് ഹൈസ്കൂൾ ,ചേലക്കര | 3 | 3 | 6 | 6 |
| 2. | സെന്റ് ജോസഫ് ഹൈസ്കൂൾ, പങ്ങാരപ്പിള്ളി | 1 | 1 | 1 | 1 |
| 3. | ഗവ.ഹയർസെക്കണ്ടറി സ്കൂൾ, ചെറുതുരുത്തി | 3 | 3 | 3 | 3 |
| 4 | സെന്റ് ജോൺസ് ഹൈസ്കൂൾ, എളനാട് | 1 | 1 | 2 | ----- |
| 5. | ഗവ.ഹയർസെക്കണ്ടറി സ്കൂൾ, പഴയന്നൂർ | 3 | 3 | 3 | 3 |
| 6 | ഗവ.ഹയർസെക്കണ്ടറി സ്കൂൾ, പാമ്പാടി | 2 | 2 | 2 | 2 |
| 7 | ഗവ.ഹയർസെക്കണ്ടറി സ്കൂൾ, തിരുവില്വാമല | 3 | 3 | 3 | 3 |
| 8 | എസ്.എം.ടി ചേലക്കര | 3 | 3 | 3 | 3 |
| 9 | ഗവ.ഹൈ സ്കൂൾ, പാഞ്ഞാൾ | 3 | 3 | 3 | 3 |
| 10 | സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ, മായന്നൂർ | 1 | 1 | 1 | 1 |
| | | 23 | 23 | 27 | 25 |

മേൽ പറഞ്ഞ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1.ഗവ.ഹയർസെക്കണ്ടറി സ്കൂൾ,തിരുവില്വാമല**

ജില്ലാപഞ്ചായത്ത് സ്ഥാപിച്ച നൽകിയ ഇൻസിനറേറ്റർ,വെൻഡിംഗ് മെഷീൻ എന്നിവ നിലവിൽ പ്രവർത്തനരഹിതമാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതായി പറയുന്ന 3 ഇൻസിനറേറ്റർ, വെൻഡിംഗ് മെഷീൻ സ്കൂൾ ലൈബ്രറി ഹാളിൽ പെട്ടിയിൽ നിന്നും പുറത്തെടുക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. 3 എണ്ണം സ്ഥാപിച്ച നൽകിയതായി രേഖപ്പെടുത്തി ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചത് ക്രമപ്രകാരമല്ല. സ്കൂളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ജില്ലാ/ബ്ലോക്ക് നൽകിയ ഉപകരണങ്ങളെ കുറിച്ച് അധികൃതർക്ക് വ്യക്തമായ ധാരണയില്ല.

**2.ഗവ.ഹയർസെക്കണ്ടറി സ്കൂൾ,പഴയന്നൂർ**

ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച നൽകിയ ഇൻസിനറേറ്റർ, വെൻഡിംഗ് മെഷീൻ എന്നിവ നിലവിൽ പ്രവർത്തനരഹിതമാണ്. സ്കൂളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ജില്ലാ/ബ്ലോക്ക് നൽകിയ ഉപകരണങ്ങളെ കുറിച്ച് അധികൃതർക്ക് വ്യക്തമായ ധാരണയില്ല.

**3.എസ്.എം.ടി ചേലക്കര**

ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച നൽകിയ ഇൻസിനറേറ്റർ, വെൻഡിംഗ് മെഷീൻ എന്നിവ നിലവിൽ പ്രവർത്തനരഹിതമാണ്. സ്കൂളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ ഏതു തദ്ദേശസ്ഥാപനത്തിൽ നിന്നാണ് ലഭിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ/ബ്ലോക്ക് നൽകിയ ഉപകരണങ്ങളെ കുറിച്ച് അധികൃതർക്ക് വ്യക്തമായ ധാരണയില്ല.

**4.ലിറ്റിൽ ഫ്ലവർ ഗേൾസ് ഹൈസ്കൂൾ ,ചേലക്കര**

ലിറ്റിൽ ഫ്ലവർ ഗേൾസ് ഹൈസ്കൂളിന്റെ സ്റ്റോക്ക് കൈപ്പറ്റ് രസീതി പ്രകാരം 3 എണ്ണവും, സ്ഥാപിച്ചതായി രേഖപ്പെടുത്തിയത് 6 എണ്ണവും ആണ്. എന്നാൽ സ്ഥലപരിശോധനയിൽ ഹൈസ്കൂളിൽ 2 ഇൻസിനറേറ്റർ, വെൻഡിംഗ് മെഷീൻ എന്നിവയും ഹയർസെക്കണ്ടറി സ്കൂളിൽ 1 ഇൻസിനറേറ്റർ, വെൻഡിംഗ് മെഷീൻ എന്നിവയാണ് സ്ഥാപിച്ചതായി കണ്ടത്. ആയതു തന്നെ പ്രവർത്തനരഹിതമായ അവസ്ഥയിലാണ്. സ്കൂളിൽ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ജില്ലാ/ബ്ലോക്ക് നൽകിയ ഉപകരണങ്ങളെ കുറിച്ച് അധികൃതർക്ക് വ്യക്തമായ ധാരണയില്ല.

ഉപകരണങ്ങൾ സ്ഥാപിക്കാതെ ഉപകരണങ്ങൾക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല.
5.പാഞ്ഞാൾ ഗവ. ഹയർ സെക്കന്ററി സ്കൂൾ – പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 1,50,000/- രൂപ ചെലവഴിച്ച് വനിതാ വികസന കോർപ്പറേഷൻ മുഖേന നാപ്കിൻ വെൻഡിംഗ് മെഷിൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് നടപ്പാക്കിയ അതേ സ്ഥലത്ത് വീണ്ടും അതേ ഉപകരണങ്ങൾ വിതരണം ചെയ്യേണ്ട ആവശ്യകത വ്യക്തമല്ല.

ഇൻസിനറേറ്റർ, വെൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ച 10 സ്കൂളുകളിലും ആവശ്യമായ പരിശോധന നടത്തി സ്ഥാപനത്തിന് അനർഹമായി തുക അനുവദിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതാണ്. സ്ഥലപരിശോധന നടത്തിയ 4 സ്കൂളുകളിലും ബ്ലോക്ക് പഞ്ചായത്ത് വഴി സ്ഥാപിച്ച നൽകിയതായി പറഞ്ഞ ഉപകരണങ്ങൾ നിലവിൽ പ്രവർത്തനരഹിതമാണ്. എ.എം.സി ഇനത്തിൽ 235764/- രൂപ സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതു പ്രകാരം സ്ഥാപിച്ച ഉപകരണങ്ങളുടെ റിപ്പയിറിംഗ് 2 വർഷകാലയളവിലേക്ക് സ്ഥാപനം ചെയ്യേണ്ടതാണ്. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ്,1-ാം ഉപവകുപ്പ്, അഞ്ചാം പട്ടിക പ്രകാരം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ സർക്കാർ ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും, പ്രൊജക്ടിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും, സ്ഥാപനത്തിന്റെ പ്രവൃത്തികൾ ശരിയായ രീതിയിൽ വിലയിരുത്താതെയും, സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്ന് പ്രൊജക്ട് നടപ്പാക്കി തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം നൽകുന്നതു വരെ ചെലവു തുക 1792962/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.
ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ ത്രിതല പഞ്ചായത്തുകളിൽ നിന്നും സ്കൂളുകളിലേക്ക് സ്ഥാപിച്ച നൽകിയ നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് സ്കൂൾ-അധ്യാപക രക്ഷാകർത്താക്കളുടെ സംഘടനകളെയോ, പഞ്ചായത്ത് തലത്തിലോ അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 സംയുക്തപ്രൊജക്റ്റുകൾക്കായി കൈമാറിയ തുകയുടെ വിനിയോഗവിവരമില്ല.

അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന സംയുക്തപ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുകയുടെവിവരം | | |
|---|---|---|---|---|---|---|
| | | | | | | |

| | | | | ട്രഷറി ബിൽ നം | തിയതി | തുക |
|---|---|---|---|---|---|---|
| 1 | 81 | പടിഞ്ഞാറെക്കുന്ന് റോഡ് | പാഞ്ഞാൾ | 25 | 28.6.17 | 200000 |
| 2 | 82 | ചക്കുറ്റിക്കാട് റോഡ് | വള്ളത്തോൾ നഗർ | 17 | 19.6.17 | 400000 |
| 3 | 83 | ചുങ്കോണം കടവ്തൊടി കുടിവെള്ളപദ്ധതി | വള്ളത്തോൾ നഗർ | 36 | 29.3.18 | 350000 |
| 4 | 84 | കുമ്പളത്തോട് റോഡ് | പഴയന്നൂർ | 16 | 19.6.17 | 300000 |

മേൽപറഞ്ഞ പ്രവൃത്തികൾക്കായി ബ്ലോക്ക്പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ പ്രൊജക്ടുകൾ, തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 12,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-5 കെട്ടിടനിർമ്മാണപ്രൊജക്റ്റുകൾ -പദ്ധതി ആസൂത്രണത്തിലെ അപാകതകൾ

(I)വൃദ്ധവിശ്രമകേന്ദ്രങ്ങൾ, S0049/18,

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ(എസ്.സി.പി)-13,00,000/-

ചെലവ്-ട്രഷറി ബില്ല് നം 16/14.3.2018, തുക – 746231/-

കരാറുകാരൻ – വി.വാസുദേവൻ

**(a)**തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ മലവട്ടം തേലക്കാട്ട് കുന്ന് കോളനിയിൽ പണികഴിപ്പിച്ചിട്ടുള്ള വൃദ്ധവിശ്രമകേന്ദ്രം കെട്ടിടത്തിനു തൊട്ടുമുകളിലൂടെയാണ് വൈദ്യുതി ലൈൻ കടന്നുപോകുന്നത്. ടി കെട്ടിടത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതായി 18.1.2019ന് സ്ഥലപരിശോധന നടത്തിയപ്പോൾ കണ്ടില്ല. കെട്ടിടത്തിന് വൈദ്യുതി, വെള്ളം കണക്ഷൻ ലഭിച്ചിട്ടില്ല. നിലവിൽ തൊഴിലുറപ്പ് പദ്ധതിക്കായി വാങ്ങിയ കയർമാറ്റ് സൂക്ഷിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു. അപാകതകൾ പരിഹരിച്ച് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്ന ആവശ്യത്തിന് കെട്ടിടം ഉപയുക്തമാക്കേണ്ടതാണ്.

**(b)**ഇതേ പദ്ധതിയുടെ ഭാഗമായി പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ തെക്കേത്തറ സാംബവ കോളനിയിൽ നിലവിലുള്ള ഒറ്റനില കെട്ടിടത്തിന്റെ (പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 479/ward 4 -ാം നമ്പർ കെട്ടിടം)മുകളിൽ ഷീറ്റ് ഇടുകയും മുകൾഭാഗം ചുറ്റും ഗ്രില്ല് ഇട്ട് ഒരു മുറിയായി സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഭാഗം ഉപയോഗിച്ചുവരുന്നതിന്റെ ലക്ഷണമൊന്നും സ്ഥലപരിശോധനയിൽ കണ്ടില്ല. നിലവിലുണ്ടായിരുന്ന കെട്ടിടം എന്താവശ്യത്തിന് പണികഴിപ്പിച്ചതായിരുന്നുവെന്ന ഫയലിൽ വ്യക്തമല്ല. കെട്ടിടത്തിന്മേൽ ബ്ലോക്ക് പഞ്ചായത്തിന്റ കെട്ടിടമാണെന്നോ എന്താവശ്യത്തിന് ഏതുവർഷം പണിതതാണെന്നോ സൂചിപ്പിക്കുന്ന ബോർഡ് ഇല്ല. കെട്ടിടത്തിന്റെ പുറകുവശത്ത് ഇടുങ്ങിയ ഭാഗത്തുള്ള ഇരുമ്പു ഗോവണി വഴിയാണ് മുകളിലേക്ക് കയറേണ്ടത്. ഇത് വൃദ്ധർക്ക് ഏറെ ആയാസകരമായിരിക്കും. വൃദ്ധർക്കായി ഇപ്രകാരം വിശ്രമകേന്ദ്രം സജ്ജീകരിച്ചതിലെ അപ്രായോഗികത ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു





(II)പാഞ്ഞാൾ സാമൂഹ്യക്ഷേമകേന്ദ്രം മെയിന്റനൻസ്,S0070/18

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്-386985/-

നിർവ്വഹണം: അസി.എക്സി.എഞ്ചിനീയർ

ചെലവ്-ട്രഷറി ബില്ല് നം-12/19.6.2017 , ₹356865/-

പദ്ധതി പ്രകാരം 356865/- രൂപ ചെലവഴിച്ച് പാഞ്ഞാൾ ഗ്രമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പഴയ ഒരു കെട്ടിത്തിന്റെ മേൽക്കൂര മാറ്റി ഷീറ്റ് മേഞ്ഞിട്ടുണ്ട്. ഈ കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയാണോ എന്നും നിലവിൽ ഇത് എന്താവശ്യത്തിന് ഉപയോഗപ്പെടുത്തിയിരിക്കുന്ന എന്നുമുള്ള വിവരം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 12/17.01.2019). എന്ത് ഉദ്ദേശത്തോടെയാണ് കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതെന്ന് പ്രൊജക്റ്റിൽ വ്യക്തമാക്കിയിട്ടില്ല. ഇപ്രകാരം കൃത്യമായ ലക്ഷ്യമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്ത് പൊതുപണം ചെലവഴിക്കുന്നത് ആശാവഹമല്ല. പൊതുമുതൽ നിഷ്ക്രിയാസ്ഥിയായി തുടരുന്നത് ഒഴിവാക്കി ഏറ്റവും ഉചിതമായ രീതിയിൽ ഉപയുക്തമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

**(III)പനമ്പ് തൊഴിലാളികളുടെ വർക്ക് ഷെഡ് നിർമ്മാണം**

പ്രൊജക്റ്റ് നം-78/18, നിർവ്വഹണം -അസി.എക്സി.എഞ്ചിനിയർ

അടങ്കൽ-എസ്.സി.പി.5,00,000/-

ചെലവ്-ട്രഷറി ബില്ല് ക്രമനം.24/28.6.2017, തുക 436221/-

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം 11/24.12.2016 പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്ത് പട്ടികജാതി ഹാന്റിക്രാഫ്റ്റ് സൊസൈറ്റിയുടെ വക സ്ഥലത്താണ് പനമ്പ്, കൊട്ട നെയ്ത്ത് തൊഴിലാളികൾക്കായി വർക്ക് ഷെഡ് പണികഴിപ്പിച്ചിട്ടുള്ളത്. 2016-17 വർഷത്തെ 61/17-ാം നമ്പർ പ്രൊജക്റ്റിന്റെ സ്പിൽ ഓവർ പ്രൊജക്റ്റായാണ് ഈ വർഷം പ്രവൃത്തി ചെയ്തിട്ടുള്ളത്.

അപാകതകൾ-

(1)2016-17 വർഷത്തെ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016/തസ്വഭവ/11.1.2016 ഖണ്ഡിക 4.7 ലെ നിബന്ധനകൾ പാലിക്കുന്ന സൊസൈറ്റിയാണോ പട്ടികജാതി ഹാന്റിക്രാഫ്റ്റ് സൊസൈറ്റി എന്നു തെളിയിക്കുന്ന രേഖകളൊന്നുംതന്നെ ഇല്ല.

(2)മേൽപറഞ്ഞ മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 4-10ൽ നിർദ്ദേശിക്കുന്ന പ്രകാരം സൊസൈറ്റിയുമായി ബ്ലോക്ക്പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതായി ഫയലിൽ ഇല്ല.

(3)ഖണ്ഡിക 4-11ൽ നിർദ്ദേശിക്കുന്ന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സഹകരണസംഘങ്ങളെയും പരിഗണിച്ച് അർഹതാ മാനദണ്ഡം കണക്കാക്കിയാണോ ഈ സൊസൈറ്റിക്ക് സഹായം അനുവദിച്ചിട്ടുള്ളത് എന്നതിനുള്ള യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(4) സ്ഥാപനം ബ്ലോക്ക് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതായോ ഗ്രാമപഞ്ചായത്തിനോ സൊസൈറ്റിക്കോ കൈമാറിയതായോ ഫയലിൽ കാണുന്നില്ല.സ്ഥാപനം പ്രവർത്തിക്കുന്നതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി തന്നിട്ടുണ്ട്.

**(IV) ഗ്രാമന്യായാലയം**

നിർവ്വഹണം: അസി.എക്സി.എഞ്ചിനീയർ

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ പഴയന്നൂർ ടൗണിൽ ബ്ലോക്ക്പഞ്ചായത്തുവക സ്ഥലത്തുണ്ടായിരുന്ന പഴയകെട്ടിടം പൊളിച്ചുകളഞ്ഞ് ഗ്രാമന്യായാലയത്തിനായി പുതിയ കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഈ കെട്ടിടത്തിൽ ഗ്രാമന്യായാലയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം രണ്ടു പ്രൊജക്റ്റുകളായാണ് പണി നടന്നിട്ടുള്ളത്

(i) ഗ്രാമന്യായാലയം നിർമ്മാണം S0067/18(സ്പിൽ ഓവർ)

അടങ്കൽ-തനത്ഫണ്ട്-2508180/-

ചെലവ്-ജിപിജി ചെക്ക് നം.3064791/5.1.2018,₹1978017/-

(ii)ഗ്രാമന്യായാലയം പൂർത്തീകരണം,S0014/18

അടങ്കൽ-വികസനഫണ്ട്-1589750/-

ട്രഷറിബിൽ നം -37/24.3.2018, തുക 1398119/-

ട്രഷറിബിൽ നം -38/24.3.2018, തുക 191558/- (ആകെ 1589677)

2018-19 ൽ ഗ്രാമന്യായാലയം കുടിവെള്ളസംവിധാനമൊരുക്കൽ എന്ന പേരിൽ തനത്ഫണ്ട് 2,00,000/-രൂപ അടങ്കലിൽ പ്രൊജക്റ്റ് വച്ചിട്ടുണ്ട്.

കെട്ടിടനിർമ്മാണപ്രൊജക്റ്റുകൾ ഭാഗികമായി നടപ്പാക്കരുതെന്ന് 12, 13 പഞ്ചവത്സരപദ്ധതികളുടെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ്. കെട്ടിടനിർമ്മാണം അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ

ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തിയാണ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്.

ഗ്രാമന്യായാലയകെട്ടിടം ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-6 റോഡ് പ്രവൃത്തികൾ -പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ അസി.എക്സി.അഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 15 സ്പിൽ ഓവർ പ്രൊജക്ടുകളും അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 11 പുതിയ പ്രൊജക്ടുകളും റോഡ് നിർമ്മാണ-അറ്റകുറ്റപ്പണികൾക്കായി നടപ്പാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ സർക്കാർ, പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 72/17 നം.ഉത്തരവിലെ 12.10 ഖണ്ഡികയിൽ ചില നിയന്ത്രണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അവ പാലിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

(i)ജി.ഒ.(എം.എസ്) 72/17 നം.ഉത്തരവ് ഖ.12.10. (4 )പ്രകാരം

ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളൊന്നും ഇപ്രകാരമുള്ളവയല്ല.

(ii)ഖണ്ഡിക12.10. (5) പ്രകാരമുള്ള വ്യവസ്ഥകൾ

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.

3.ഖണ്ഡിക 5.10 (3) ൽ ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക്പഞ്ചായത്തിലേക്ക് നൽകുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് ബ്ലോക്ക്പഞ്ചായത്തിന്റെ പദ്ധതി രേഖ തയ്യാറാക്കേണ്ടതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചാണോ ബ്ലോക്ക് പഞ്ചായത്ത് ഓരോ ഗ്രാമപഞ്ചായത്തുപരിധിയിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമല്ല. ഉദാഹരണത്തിന് ചേലക്കര ഗ്രാമപഞ്ചായത്തിലെ മെതുക് റോഡ് മെറ്റലിംഗ്, ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തിയിൽ (പ്രൊജക്റ്റ് നം S0089/18) കരാറിൽ ഉൾപ്പെട്ട സൈഡ് പ്രൊട്ടക്ഷൻപണി നടത്താതെ തന്നെ ഫൈനൽബിൽ തയ്യാറാക്കി കരാറുകാരന് ഫൈനൽബിൽ തുക അനുവദിച്ചു.ആയതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 12/17.1.2019 ക്ക് ലഭിച്ച മറുപടിയിൽ ചേലക്കരഗ്രാമപഞ്ചായത്ത് മുൻപ് ചെയ്തിട്ടുള്ള പ്രവൃത്തിയുടെ മുകളിലാണ് സൈഡ് പ്രൊട്ടക്ഷൻ പണി നടത്തേണ്ടത് എന്നതിനാലും, ആയതുസംബന്ധിച്ച തർക്കം പരിഹരിക്കപ്പെടാത്തതിനാലും കരാറുകാരന് ടി.ഇനം പ്രവൃത്തി ഉപേക്ഷിക്കേണ്ടതായി വന്നു എന്ന് വിശദീകരിച്ചിട്ടുണ്ട്. മറുപടിയിൽ അവ്യക്തതയുണ്ടെങ്കിലും ഗ്രാമപഞ്ചായത്തും ഇതേ റോഡിൽ ഇക്കാലയളവിൽ പ്രവൃത്തി നടത്തിയിട്ടുള്ളതായും ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരമോ നിർദ്ദേശപ്രകാരമോ അല്ല ടി പ്രവൃത്തി ആസൂത്രണം ചെയ്തതെന്നും കരുതാവുന്നതാണ്.
മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ അതാതുകാലയളവിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-7 കെട്ടിടങ്ങളുടെ പൊളിച്ചു മാറ്റിയ ഭാഗങ്ങൾ - ലേലം ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിച്ചില്ല.

പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2919.3 പ്രകാരം കെട്ടിടം പൊളിക്കുന്ന പ്രവൃത്തികളിൽ പൊളിച്ച മാറ്റുന്ന ഭാഗങ്ങളെ സംബന്ധിക്കുന്ന രജിസ്റ്റർ (പ്രഫോർമ 2900 K)എഴുതി സൂക്ഷിക്കേണ്ടതും ഈ ഭാഗങ്ങൾ പരമാവധി അതേ പ്രവൃത്തിക്ക് ഉപയോഗിക്കേണ്ടതുമാണ്. അല്ലെങ്കിൽ ഇവ ഭൗതിക പരിശോധനക്ക് വിധേയമാക്കി, സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അനുമതിയോട് കൂടി പൊതുലേലം നടത്തേണ്ടതാണ്.

എന്നാൽ അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളിൽ, കെട്ടിടം അറ്റകുറ്റ പണികൾക്കായി പൊളിച്ചപ്പോൾ ലഭിച്ച കെട്ടിട ഭാഗങ്ങൾ അതേ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ല. ഇവ ആശുപത്രി വളപ്പിൽ സൂക്ഷിച്ചിരിക്കുന്നതായി 17.1.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു.

1) പ്രൊജക്റ്റ് നം s0072/18,പഴയന്നൂർ സിഎച്ച്സിയിൽ ജെറിയാട്രിക് വാർഡ്.

ഇനം 1 -പഴയ വാതിൽ ,ജനൽ 2വീതം (എം.ബി.നം.79/2015-16)

2)പ്രൊജക്റ്റ് നം s0018/18,പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18 ,മെയിന്റനൻസ് ഓഫ് പഴയന്നൂർ സിഎച്ച്സി

ഇനം (8).2 -3പഴയ വാതിലുകൾ(ലാബ്,ഓപ്പറേഷൻ തിയറ്റർ,വാർഡ്)

(എം.ബി.നം.16/2017-18)

മേൽപറഞ്ഞവ സ്റ്റാക്ക് ചെയ്തതായോ ഉപയോഗപ്പെടുത്തിയതായോ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

അഴിച്ചുമാറ്റിയ ഉരുപ്പടികൾ മൂല്യനിർണയം നടത്തി, ലേലം നടത്താൻ നടപടിസ്വീകരിക്കേണ്ടതാണ്.

# 3-8 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 13.6(12) ൽ ആസ്തി സംരക്ഷണപദ്ധതി, വാർഷിക പദ്ധതിരേഖയിൽ പ്രത്യേക അദ്ധ്യായമായി ചേർക്കണമെന്നും പ്രത്യേകം പറഞ്ഞിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 കുടിവെള്ള പദ്ധതികൾ -മാർഗ്ഗരേഖാ നിർദ്ദേശങ്ങൽ പാലിക്കുന്നില്ല

2017-18 സാമ്പത്തികവർഷത്തിൽ 6 കുടിവെള്ളപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്ന ആയതിൽ ക്രമ നം.5,6 സ്പിൽ ഓവർ പദ്ധതികളാണ്.

| ക്രമ നം | പ്രൊജക്റ്റ് നം | കുടിവെള്ള പദ്ധതിയുടെ പേര് | അടങ്കൽ തുക | ട്രഷറിബിൽനം/ തിയതി/തുക | നിർവ്വഹണം |
|---|---|---|---|---|---|
| 1 | 34/18 | കമ്പളക്കോട് വടക്കേക്കര | 1230623 | 10/28.2.2018 ₹1218622 | അസി. എഞ്ചിനീയർ |
| 2 | 40/18 | വടക്കുംമുറി | 500000 (scp) | 20/22/3/2018 ₹407010 | |
| 3 | 98/18 | വലങ്ങിപ്പാറ | 1076642 | 8/28.2.2018 ₹1069042 | |
| 4 | 99/18 | ചീരക്കുഴിപയ്യക്കുറിശ്ശികോളനി | 1000000 (scp) | 23/28.3.2018 ₹630858 | |
| 5 | 77/18 | പട്ടികജാതി കോളനികളിലെ കുടിവെള്ളപദ്ധതി | 913864 (scp) | 35/10.1.2018 ₹723982 | അസി.എക്സി. എഞ്ചിനീയർ |
| 6 | 94/18 | ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിൽകുടിവെള്ളപദ്ധതി | 450000 (തനത്) | ₹449550 | |

കുടിവെള്ളപദ്ധതികളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളിൽ കണ്ട പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1)2016-17 വർഷത്തെ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/2016/തസ്വഭവ/11.1.2016 ഖണ്ഡിക 7.12.1 , 2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)72/2017/തസ്വഭവ/23.3.2017 ഖണ്ഡിക 12.7.6 എന്നിവ പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പ്രോജക്റ്റുകൾ അവയുടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ സമിതിയെ ഏല്പിക്കണം,തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ഉത്തരവാദിത്തങ്ങളാണ്. മേൽപറഞ്ഞ പദ്ധതികളൊന്നും തന്നെ ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് ഏല്പിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. വടക്കുംമുറി കുടിവെള്ളപദ്ധതി

പൂർത്തീകരിക്കുന്നമുറക്ക് ഗുണഭോക്തൃ സമിതിയെ ഏല്പിക്കേണ്ടതും മറ്റുള്ളവ ഗുണഭോക്തൃ സമിതികളെ ഏല്പിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്

2)ജി.ഒ (എം.എസ്) 72/2017/ തസ്വഭവ /23.3.2017 ഖണ്ഡിക 12.7.(5) പ്രകാരം എല്ലാ കുടിവെള്ള പ്രൊജക്റ്റുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രൊജക്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. അപ്രകാരം ചെയ്തിട്ടില്ല.

3)ഗ്രാമ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശത്തോടെ മാത്രമെ കുടിവെള്ള പദ്ധതികൾ ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുക്കാവൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4) പ്രൊജക്റ്റ് രൂപീകരണ ഫോറത്തിൽ ആസ്തി ഉടമസ്ഥൻ എന്നതിനു നേരെ നിർവ്വഹണം നടത്തുന്ന തദ്ദേശഭരണസ്ഥാപനം എന്നു ചേർത്തുകാണുന്നു. എന്നാൽ ആസ്തി യുണീക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ നടത്തിയിരിക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലാണോ എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ ഇല്ല. പൂർത്തീകരിച്ച കുടിവെള്ളപദ്ധതികൾ ബ്ലോക്ക്പഞ്ചായത്ത് ആസ്തികളായി ചേർത്തിട്ടുണ്ടോയെന്നും അറിയാൻ കഴിഞ്ഞിട്ടില്ല.

5)ചീരക്കുഴി പയ്യക്കറിശ്ശി കോളനി കുടിവെള്ളപദ്ധതി ചീരക്കുഴിഇറിഗേഷൻ പ്രൊജക്റ്റിന്റെ അധികാരപരിധിയിലുള്ള സ്ഥലത്തായതിനാൽ പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇറിഗേഷൻവകുപ്പ് ബ്ലോക്ക് പഞ്ചായത്തിന് അയച്ച കത്ത് ഫയലിൽ കാണുന്നു. വകുപ്പിന്റെ വാക്കാലുള്ള അനുമതി ലഭിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടുണ്ട്. ഭാവിയിൽ തർക്കങ്ങൾക്കിടയാകാത്തവിധം ഇറിഗേഷൻ വകുപ്പിന്റെ ഓദ്യോഗിക അനുമതിയോടെ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച് ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്.

# 3-10 സി.ഡി.പി.ഒ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(1)പ്രൊജക്ട് നം-ശാരീരിക വൈകല്ല്യം നേരിടുന്നവർക്ക് മുച്ചക്രവാഹനം വാങ്ങൽ (26/18)

നിർവ്വഹണം – സി.ഡി.പി.ഒ

ട്രഷറി ബിൽ നം-1/26.8.17 തുക. 23,98,620/-

ശാരീരിക വൈകല്ല്യം നേരിടുന്നവർക്ക് മുച്ചക്രവാഹനം വാങ്ങൽ എന്ന പ്രൊജക്ടിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പത്രപരസ്യം നൽകുകയും, ലഭിച്ച അപേക്ഷകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട 35 പേർക്ക് സ്കൂട്ടർ നൽകുകയും ചെയ്തു. 35 സ്കൂട്ടർ വിതരണം ചെയ്തതിന്(ഹീറോ പ്ലഷർ ഷീറ്റ് മെറ്റൽ) Indraprasta Motors Gosaikunnu,Thrissur എന്ന സ്ഥാപനത്തിന് മേൽപ്രകാരം തുക അനുവദിക്കുകയും ചെയ്തു. 35 ഗുണഭോക്താക്കളിൽ 10 ഗുണഭോക്താക്കൾ മാത്രമേ ലൈസൻസ് ഹാജരാക്കിയിട്ടുള്ളൂ. ലൈസൻസ് ഹാജരാക്കാത്ത 25ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | കുറിപ്പുകൾ |
|---|---|---|
| കെ.ജി.ചെറിയാൻ,തട്ടുപുരക്കൽ | കൊണ്ടാഴി | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല- |
| സ്നേഹി.വി.ആർ,വലിയപറമ്പിൽ | കൊണ്ടാഴി | - |
| അയ്യപ്പൻ,പൊട്ടിക്കുന്ന് കോളനി | കൊണ്ടാഴി | - |
| കെ.കെ.ബാലചന്ദ്രൻ,കുറുപ്പത്ത് കുളങ്ങര | കൊണ്ടാഴി | |
| രാമചന്ദ്രൻ.കെ.വി,പരക്കോട് വടക്കെപുരക്കൽ | തിരുവില്വാമല | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല- |
| ശെൽവകുമാർ,ആക്കപ്പറമ്പ് | തിരുവില്വാമല | |
| ശിവൻ,പൂക്കുഴിയിൽ | തിരുവില്വാമല | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| അബ്ദുൾ റസാഖ്,മാഞ്ചാടി | പഴയന്നൂർ | |
| രവികുമാർ.എം,വടക്കെപറമ്പിൽ | പഴയന്നൂർ | - |
| | | |

| | | |
|---|---|---|
| രാമൻകുട്ടി.പി.എസ്,പ്ലാക്കൽ | പഴയന്നൂർ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല- |
| അനൂപ്.എം.യു,മാങ്ങോട്ടിൽ | പഴയന്നൂർ | - |
| സുന്ദരി.എൻ.കെ,നമ്പ്രത്ത് വീട് | പഴയന്നൂർ | - |
| ഷജീന.എസ്,ഭഗവതിക്കുന്ന് | പഴയന്നൂർ | - |
| അബ്രഹാം എൻ.ജെ,നടുതലക്കാലായിൽ | പഴയന്നൂർ | - |
| കെ.നാരായണൻ,തേക്കിൻകാട്ടുകുളത്തിൽ | പഴയന്നൂർ | - |
| മുഹമ്മദ്.ജെ,കണ്ണാടിപ്പാറയിൽ | ചേലക്കര | - |
| പ്രഭാകരൻ.പി.എൻ,പാലക്കാട്ടുതൊടി | ചേലക്കര | - |
| കുമാരൻ,നാരങ്ങപറമ്പിൽ | ചേലക്കര | |
| വാസു.ആലംകോട്ട്കുന്ന് | ചേലക്കര | |
| അഭിലാഷ്.കെ.ജി,കല്ലാറ്റ് വീട് | ചേലക്കര | |
| വിനീഷ്.പി.വി,പറക്കുന്നത്ത് | ചേലക്കര | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| ഇന്ദു.കെ,കല്ലംപിള്ളി | പാഞ്ഞാൾ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| സുനിത.ഒ.എം, കുറുപ്പംതൊടി കോളനി | പാഞ്ഞാൾ | |
| രാജരാജൻ, മൂശാലിത്തൊടി | പാഞ്ഞാൾ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| കെ.എ.രാമചന്ദ്രൻ,കിഴക്കുമുറി | പാഞ്ഞാൾ | |

വികലാംഗരായ ഗുണഭോക്താക്കൾക്ക് ഉപജീവനം നടത്തുന്നതിനായി അനുവദിച്ച വാഹനങ്ങൾ ലൈസൻസ് എടുക്കാതെ നിരത്തുകളിൽ ഉപയോഗിക്കുന്നത് അനാവശ്യ വ്യവഹാരങ്ങളിൽപെടുന്നതിന് കാരണമാകും. മാർഗ്ഗരേഖ ജി.ഒ(എംഎസ്) 4/16 തിയതി 11.1.16 പ്രകാരം ഇരു ചക്രവാഹനം അനുവദിക്കുന്നത് ഇരുചക്ര വാഹനത്തിന് ലൈസൻസുള്ളവർക്കായിരിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കേണ്ടതാണ്. ആയതു വരെ 25 സ്കൂട്ടറുകൾക്ക് ചെലവഴിച്ച തുക (68532x25) 17,13,300/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2.പ്രൊജക്ട് നം.39/18 ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ**

ട്രഷറി ബിൽ നം.2/17.10.2017 തുക -50,000/-

ജില്ലാ പഞ്ചായത്തുമായി സംയുക്തമായി ഏറ്റെടുത്ത ടി. പദ്ധതിയുടെ നിർവ്വഹണ ചുമതല ജില്ലാ പഞ്ചായത്തിനാണ് സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഹാജരാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പ്രൊജക്റ്റിന്റെ കോപ്പി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് തുക കൈമാറിയതിന്റെ രസീതും, ധനവിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/17.01.2019) മറുപടി ലഭിച്ചില്ല. ആയത് ഹാജരാക്കുന്നതുവരെ ചെലവ് തുക 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

**3.പ്രൊജക്ട് നം.37/18 ജെന്റർ റിസോഴ്സ് സെന്റർ**

അടങ്കൽ - 500000/-

ബിൽ നം.4/17-18 തുക-154286/- തിയ്യതി.30/01/2017

ബിൽ നം.8/17-18 തുക-40000/- തിയ്യതി.24/03/2018

ബിൽ നം.9/17-18 തുക-31148/- തിയ്യതി.24/03/2018

ആകെ -2,25,434/-

സർക്കാർ ഉത്തരവ് (എം.എസ്)നം.80/2017/ത.സ്വ.ഭ.വ , തിയ്യതി.03/04/2017 ഖണ്ഡിക 30.1ൽ എപ്രകാരമാണ് ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കേണ്ടതെന്നും, അവയുടെ പ്രവർത്തനത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ടെങ്കിലും അത്തരത്തിൽ രൂപീകരിച്ചിട്ടില്ല. പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുകയാണ് പ്രധാന ലക്ഷ്യം. എന്നാൽ 2017-18 സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക മാത്രമാണ് ടി. പദ്ധതിയിൽ നടപ്പിലാക്കിയിരിക്കുന്നത്. ടി.പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി.പദ്ധതി പ്രകാരം യുണീക്ക് സയന്റിഫിക്ക്, തൃശ്ശൂരിൽ നിന്നും 3 കമ്പ്യൂട്ടർ, 1 പ്രിന്റർ, 1 യു.പി.എസ്സ് എന്നിവ 154286/-രൂപക്കും, ഡി.സി.ബുക്ക്സ്, തൃശ്ശൂരിൽ നിന്ന് 40000/-രൂപക്ക് പുസ്തകങ്ങളും, സിഡ്കോയിൽ നിന്നും പുസ്തകം സൂക്ഷിക്കാൻ സ്റ്റീൽ ബുക്ക് ഷെൽഫും, സ്റ്റീൽ ക്യാബിനറ്റ്-1, സ്റ്റീൽ മേശ-1, ആഞ്ഞിലി വുഡ് ചെയർ-1 എന്നിവ വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ, ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ എന്നും, തൊട്ടടുത്ത് ജെന്റർ റിസോഴ്സ് സെന്റർ എന്നും ചുമരിൽ രേഖപ്പെടുത്തിയ ഒരു മുറിയിൽ മേൽ സാധനങ്ങൾ (3 കമ്പ്യൂട്ടർ,1 പ്രിന്റർ,1 യു.പി.എസ്സ് ഒഴികെ) കൂട്ടിയിട്ടിരിക്കുന്നു. ടി.സെന്ററിന്റെ യാതൊരു പ്രവർത്തനവും നടത്തിയതിന്റെ വിവരം ഫയലിൽ ഇല്ല. മേൽ കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും സൂക്ഷിച്ചിരിക്കുന്നത് എവിടെയാണെന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.(10/17.01/2019). വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 2,25,434/- രൂപ തടസ്സപ്പെടുത്തുന്നു.

<u>4.പ്രൊജക്റ്റ് നം.23/18 പകൽവീട്</u>

അടങ്കൽ -1000000/-
ബിൽ നം.7/17-18/24.03.18 തുക 149545/-

മൊത്തം ചെലവ്-609885/-

2003ൽ ശിലാസ്ഥാപനം നടത്തിയ മേപ്പാടം വനിതാ ഹോസ്റ്റൽ കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി പകൽ വീടാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത് (14/07/2017 ലെ 26)ാം നമ്പർ തീരുമാനം പ്രകാരം). ടി.കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 160737/- രൂപയും, പാത്രങ്ങൾ വാങ്ങിയതിന് 2,99,603/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ടി.കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോയെന്നും, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതാണോയെന്നും, എന്നാണ് പകൽവീട് പ്രവർത്തനം തുടങ്ങിയോ എന്ന് വ്യക്തമല്ല. എന്നാൽ 21/03/2018ന് അന്നപൂർണ്ണ എന്റർപ്രൈസസ്, പഴയന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം.107658,107652 പ്രകാരം 2200Kgകുറുവ അരി,110Kg പരിപ്പ്,110Kg പയർ, 220Kg പഞ്ചസാര, 22Kg ചായപ്പൊടി മുതലായവയും സവാള- 110Kg, ഉള്ളി- 110Kg, ഉരുളക്കിഴങ്ങ്- 110Kg വാങ്ങിയതിന് ട്രഷറി ബിൽ നം.7/17-18 പ്രകാരം 1,49,545/-രൂപ 24/03/2018ന് നൽകിയിട്ടുണ്ട്. പകൽ വീട് പ്രവർത്തിച്ചു തുടങ്ങാതെയും, ഗുണഭോക്താക്കളുടെ എണ്ണത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെയും ഇത്രയും സാധനങ്ങൾ മൊത്തമായി വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. ഇവ സ്റ്റോക്കിലെടുത്ത് വിനിയോഗം ചെയ്തതിന്റേയും വിവരങ്ങൾ ഫയലിൽ ഇല്ല.മേൽ വിവരങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/17-01-19) മറുപടി ലഭിച്ചില്ല. വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 1,49,545/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 വനിത വ്യവസായ എസ്റ്റേറ്റിലേക്ക് വാട്ടർ കണക്ഷൻ-കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രശീതി ,വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം വനിത വ്യവസായ എസ്റ്റേറ്റിലേക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, വടക്കാഞ്ചേരി എന്നവരുടെ അക്കൗണ്ടിലേക്ക് തനത് ഫണ്ടിൽ നിന്നും 12250 രൂപ നൽകിയിരുന്നു (ചെക്ക് നംമ്പർ 3064800, തിയതി 31.01.2018). എന്നാൽ ടി തുകയ്ക്ക് കൈപ്പറ്റ് രശീതി വിനിയോഗ സാക്ഷ്യപത്രം എന്നിവ വൗച്ചറിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (14/17.01.2019)ക്ക് മറുപടി ലഭ്യമായിട്ടില്ല. ആയത് ഹാജരാക്കുന്നതുവരെ ചെലവ് തുക 12250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-രേഖകൾ ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകളുടെ രേഖകൾ, വിനിയോഗ

സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

എ) ഭവന റിപ്പയർ

പ്രൊജക്ട് നം-52/18

ട്രഷറി ബിൽ നം-61/6.3.18 തുക-197000/-

പ്രൊജക്ടിലെ രേഖപ്പെടുത്തൽ പ്രകാരം ചേലക്കര ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവനറിപ്പയറിംഗിന് തുക നൽകുന്നതാണ് പ്രൊജക്ട്. എന്നാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 27.2.18 ലെ എ2-1201/8 കത്തു പ്രകാരം രുക്കമാൻകുളമ്പ് കോളനി, തത്ത മാൻകുളമ്പ് കോളനി എന്നിവർക്ക് ഭവനറിപ്പയറിന് തുക ആവശ്യപ്പെട്ടു കൊണ്ടുള്ള റിക്വിസിഷന്റെ അടിസ്ഥാനത്തിൽ തുക പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി. പ്രൊജക്ട് റിവൈസ് ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല. സാമ്പത്തികവർഷത്തിന്റെ അവസാനം ഗ്രാമപഞ്ചായത്ത് തനതുഫണ്ടും ബ്ലോക്ക് വിഹിതവും ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കിയെങ്കിലും ലഭ്യമായ വിഹിതം വിനിയോഗിക്കാൻ സമയം ലഭിക്കാത്തതിനാൽ തുക വിനിയോഗിച്ചിട്ടില്ല. ആയതിനാൽ തന്നെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പദ്ധതി പണത്തിന്റെ ചെലവു ശതമാനം പെരുപ്പിച്ചു കാണിക്കുന്നതിനായി സാമ്പത്തികവർഷത്തിന്റെ അവസാനം തുക കൈമാറുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രീതിയിൽ സംയുക്ത പ്രൊജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുക 197000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ബി)ഐ.എം.എ ബ്ലഡ് ബാങ്ക് വിഹിതം**

പ്രൊജക്ട്-50/18

ട്രഷറി ബിൽ നം.17/28.9.17 തുക-100000/-

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഐ.എം.എ ബ്ലഡ് ബാങ്കിനുള്ള വിഹിതമായ 100000/- രൂപ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ട് നമ്പർ 79901140000646 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുക 100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സി)സാക്ഷരത തുല്യതാ പഠനം

പ്രൊജക്ട്-3/18

ട്രഷറി ബിൽ നം-40/8.1.18 തുക-249200/-

പത്താംതരം, പ്ലസ്2 പഠിതാക്കളുടെ പഠനത്തിനാവശ്യമായ ഫീസ് സാക്ഷരതാ മിഷന് നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. 56 പ്ലസ് 2 പഠിതാക്കൾക്ക് 1950/- രൂപ വീതം 109200/- രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷന്റെ അക്കൗണ്ട് നമ്പർ 02880100113107 ലേക്കും 80 പത്താംതരം പഠിതാക്കൾക്ക് 1750/- രൂപ വീതം 140000/- രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ട് നമ്പർ 57026996123 ലേക്കും അടവാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷാ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ഭരണസമിതിയുടെ 24.11.17 ലെ 1(5) തീരുമാനപ്രകാരം സാക്ഷരതാ പഠനത്തിന് ഫീ അടവാക്കുന്ന പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തില്ലെങ്കിൽ 12 % പലിശയോടു കൂടി സർക്കാരിലേക്ക് തുക തിരിച്ചടവാക്കണമെന്ന് സത്യവാങ്മൂലം എഴുതി വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ചെയ്തതിനു ശേഷം ക്ലാസിൽ ഹാജരാകാതെയും പരീക്ഷയിൽ പങ്കെടുക്കാതെയും അലംഭാവം കാണിക്കുന്ന പഠിതാക്കൾക്കു വേണ്ടി ഫീസിനത്തിൽ വികസനഫണ്ട് ചെലവഴിക്കുന്നത് ഒഴിവാക്കാനും അതു വഴി മറ്റു പ്രയോജനകരമായ പ്രവൃത്തികൾക്കു വേണ്ടി തുക വിനിയോഗിക്കുന്നതിനും ഈ തീരുമാനം സഹായകരമാകും എന്നതിനാൽ തീരുമാനം നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷാ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കുന്നതു വരെ ചെലവു തുക 249200/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന ആകെ തുക -197000+100000+249200=546200)

# 3-13 വൗച്ചറുകൾ ഹാജരാക്കിയില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു.

ഐ.എ.വൈ പദ്ധതി യുടെ അക്കൗണ്ട് നമ്പർ 34502 ൽ നിന്നും താഴെ പറയുന്ന ചെക്കുകൾ പ്രകാരം ജീവനക്കാർക്ക് നൽകിയ തുകകളുടെ ചെലവുകൾക്കാധാരമായ വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല.

| ചെക്ക് നം / | തുക | അനുവദിച്ചത് | ആവശ്യകത |
|---|---|---|---|

| | | | |
|---|---|---|---|
| തിയതി | | | |
| 000363/2.5.17 | 17280 | ശ്രീ.എൻ.രാമചന്ദ്രൻ ജി.ഇ.ഒ | കില ട്രെയിനിംഗിന് |
| 000366/27.7.17 | 9000 | ശ്രീ.എൻ.രാമചന്ദ്രൻ ജി.ഇ.ഒ | ലഭ്യമല്ല |
| 000367/17.8.17 | 1500 | ശ്രീ.എൻ.രാമചന്ദ്രൻ ജി.ഇ.ഒ | ലഭ്യമല്ല |
| 000369/20.10.17 | 1000 | ശ്രീ.എൻ.രാമചന്ദ്രൻ ജി.ഇ.ഒ | ശുചിത്വ പരിപാടി ട്രെയിനിംഗ് |
| ആകെ | 28780 | | |

മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 28780/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.16/19.01.19)

# 3-14 സെക്രട്ടറി നടപ്പാക്കിയ ഭവനനിർമ്മാണ പ്രൊജക്ടുകൾ- ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2017-18 സാമ്പത്തികവർഷം സെക്രട്ടറി നടപ്പാക്കിയ ഭവനനിർമ്മാണ പ്രൊജക്ടുകളിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | പ്രൊജക്ട് | വകയിരുത്തിയ ഫണ്ട് | ചെലവുതുക |
|---|---|---|---|
| 1/18 | പി.എം.എ.വൈ ഭവനപദ്ധതി | വികസനഫണ്ട്-എസ്.സി.പി | 3671700 |
| 2/18 | പി.എം.എ.വൈ ഭവനപദ്ധതി | വികസനഫണ്ട്-ജനറൽ | 2831303 |
| 6/18 | ഐ.എ.വൈ ഭവനപദ്ധതി | വികസനഫണ്ട്-ജനറൽ | 128000 |
| 8/18 | ഐ.എ.വൈ ഭവനപദ്ധതി | വികസനഫണ്ട്-എസ്.സി.പി | 2164500 |
| 104/18 | ലൈഫ് മിഷൻ ഭവനപദ്ധതി പൂർത്തീകരണം | വികസനഫണ്ട്-എസ്.സി.പി | 80,90,879 |
| 105/18 | ലൈഫ് മിഷൻ ഭവനപദ്ധതി പൂർത്തീകരണം | വികസനഫണ്ട്-ജനറൽ | 3406800 |
| | | | 20,293,182/- |

മേൽ പ്രൊജക്ടുകൾക്കു വേണ്ടി വികസനഫണ്ട് ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ബില്ലിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ ഗുണഭോക്താവ് ഏതു ഗ്രാമപഞ്ചായത്തിലെ ഏതു വർഷത്തെ ഗുണഭോക്താവാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിന്റെ പേരും അക്കൗണ്ട് നമ്പറും മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ.. ആയതിനാൽ തന്നെ 2017-18 ൽ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് വിഹിതം അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ വാച്ച് രജിസ്റ്ററിൽ ഓരോ വിഹിതവും കൈമാറുമ്പോൾ അത് ഏതിനത്തിലെ തുകയാണെന്ന വിവരം കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ഓരോ ഗുണഭോക്താവിനും വിഹിതങ്ങൾ അനുവദിക്കുന്നത് ശരിയായ അനുപാതത്തിലാണോയെന്ന വിവരവും പരിശോധിക്കാൻ സാധിക്കുന്നില്ല.

# 3-15 ലൈഫ് ഭവനപദ്ധതി പൂർത്തീകരണം-ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ കൃത്യത പരിശോധനാവിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ആനുപാതികവർദ്ധനവിനേക്കാൾ അധികമായി തുക അനുവദിച്ചു-

പഴയന്നൂർ ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിൽ ഐ.എ.വൈ ഭവനപദ്ധതിക്കായി ധനസഹായം അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ ഭവനപദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തികവർഷം ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തുകകൾ അനുവദിച്ചിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണ ധനസഹായം 400000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ മുൻവർഷങ്ങളിൽ ധനസഹായമായി അനുവദിച്ച തുകയ്ക്ക് ആനുപാതികവർദ്ധനവ് കണക്കാക്കി ധനസഹായം അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. സോഫ്റ്റ് വെയറിന്റെ സഹായത്താൽ ആനുപാതിക വർദ്ധനവ് കണക്കാക്കുന്നതിന് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ 296 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനു വേണ്ടി തയ്യാറാക്കിയ വാച്ച് രജിസ്റ്ററിൽ ആനുപാതിക വർദ്ധനവ് കണക്കാക്കിയതിനേക്കാൾ അധികമായി തുക അനുവദിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | വർഷം | നാളിതു വരെ അനുവദിച്ചത് (ഐ.എ.വൈ) | ഇനി നൽകാനുള്ളത് (ആനുപാതിക വർദ്ധനവ് അനുസരിച്ച്) | ലൈഫിൽ ഉൾപ്പെടുത്തി അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| സരിത ബാബു,മനയ്ക്കൽതൊടി | 13-14 | 72000 | 256000 | 293500 | 37500 |
| അമിത,ചവതപറമ്പിൽ | 13-14 | 130000 | 226666 | 325500 | 98834 |
| ഷീജ,കോതനാത്ത് | 15-16 | 151500 | 198000 | 247500 | 49500 |
| പര്യാണി,തോന്നൂർ | 15-16 | 254500 | 60666 | 110500 | 49834 |
| ശോഭ കൃഷ്ണൻകുട്ടി,തേക്കിൻകാട് കോളനി | 13-14 | 80500 | 292666 | 303333 | 10667 |
| ഓമന വാസു,തേക്കിൻകാട് കോളനി | 14-15 | 139500 | 185996 | 200000 | 14004 |
| വെള്ള ചാത്തൻ,കാക്കരചോല | 15-16 | 123000 | 236000 | 246500 | 10500 |
| റജുലമോൾ,ആലംകുന്നത്ത് | 14-15 | 179500 | 41000 | 150140 | 109140 |
| ജാനകി കുട്ടപ്പൻ,ഞാറ്റുപറമ്പിൽ | 15-16 | 17500 | 376666 | 436166 | 59500 |
| ചിന്ന,മൂരിയാർകോട് | 2012-13 | 80500 | 292666 | 367333 | 74667 |
| ശാന്ത,കണ്ടുപറമ്പ് | 13-14 | 80000 | 293333 | 300000 | 6667 |
| ശാരദ കുഞ്ഞാലൻ,പിലാക്കപറമ്പ് | 13-14 | 160000 | 186666 | 200000 | 13334 |

| | | | | | |
|---|---|---|---|---|---|
| ലത സുരേഷ്,കണ്ടുകാട് കോളനി | 14-15 | 161500 | 184666 | 235000 | 50334 |
| സുന്ദരി ,വെൺമനശ്ശേരി | 14-15 | 180000 | 160000 | 180000 | 20000 |
| വിലാസിനി,കുണ്ടുകാട് കോളനി | 14-15 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 209333 | 218000 | 8667 |
| ബിന്ദു,മൂരിയാർകോട് | 14-15 | 182000 | 157333 | 175000 | 17667 |
| ദേവു രാമകൃഷ്ണൻ,മണിയങ്കാട് കോളനി | 14-15 | 200000 | 133333 | 140000 | 6667 |
| വിനിത,ചോഴിയാംകോളനി | 15-16 | 213000 | 125500 | 150000 | 24500 |
| അഞ്ജു,നാരായണമംഗലം | 15-16 | 115000 | 251333 | 291333 | 40000 |
| കണ്ണമ്മ,അംബേദ്കർ കോളനി | 15-16 | 166500 | 133333 | 185000 | 51667 |
| പ്രസന്ന,വലിയപറമ്പിൽ | 15-16 | 219500 | 107333 | 111333 | 4000 |
| മല്ലിക ,നാട്യൻചിറകുന്നത്ത് | 15-16 | 264500 | 47333 | 94000 | 46667 |
| സജിത രാജേഷ്,വാരിയത്തിപടി | 15-16 | 194500 | 140666 | 175000 | 34334 |
| മീനാക്ഷി ശങ്കരൻ,കപ്രകത്ത് | 15-16 | 184500 | 154000 | 280000 | 126000 |
| തങ്കമ്മ പ്രഭാകരൻ,അംബേദ്കർ കോളനി | 15-16 | 224500 | 100666 | 235000 | 134334 |
| ജയശ്രീ കണ്ണൻ,പള്ളത്തൊടി | 15-16 | 189500 | 147333 | 180000 | 32667 |
| നബീസ അബ്ദുൾ റഹ്മാൻ,യാറത്തിങ്കൽ | 15-16 | 175000 | 90000 | 115000 | 25000 |
| ലക്ഷ്മിക്കുട്ടി,ലക്ഷ്മി നിവാസ് | 15-16 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 71000 | 190500 | 119500 |
| രാജേശ്വരി,സീതാമന്ദിരം | 15-16 | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 121000 | 214000 | 93000 |
| ചിന്നപ്പെണ്ണ്,ലക്ഷംവീട് കോളനി | 15-16 | 196500 | 103000 | 244666 | 141666 |

2.ലൈഫ് ഭവനപദ്ധതി പൂർത്തീകരണം-400000/- രൂപയിൽ അധികം ധനസഹായം കൈപ്പറ്റി .

ലൈഫ് ഭവനനിർമ്മാണ ധനസഹായം 400000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ അർഹമായതിലും അധികം തുക കൈപ്പററിയ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഗുണഭോക്താവ് | വർഷം | നാളിതു വരെ അനുവദിച്ചത് (ഐ.എ.വൈ) | ആനുപാതിക വർദ്ധനവ് അനുവദിച്ചത് | ആകെ | അധികം |
|---|---|---|---|---|---|
| ചിന്നപ്പെണ്ണ്,ലക്ഷംവീട് കോളനി | 15-16 | 196500 | 244666 | 441166 | 41166 |
| തങ്കമ്മ പ്രഭാകരൻ,അംബേദ്കർ കോളനി | 15-16 | 224500 | 235000 | 459500 | 59500 |
| മീനാക്ഷി ശങ്കരൻ,കപ്രകത്ത് | 15-16 | 184500 | 280000 | 464500 | 64500 |
| അഞ്ജു,നാരായണമംഗലം | 15-16 | 115000 | 291333 | 406333 | 6333 |

| | | | | | |
|---|---|---|---|---|---|
| ചിന്ന,മൂരിയാർകോട് | 2012-13 | 80500 | 367333 | 447833 | 47833 |
| അമിത,ചവതപറമ്പിൽ | 13-14 | 130000 | 325500 | 455500 | 55500 |
| കുഞ്ഞിമാളു കുഞ്ഞൻ,കുറുമങ്ങാട്ടുപടി | 14-15 | 173500 | 281333 | 454833 | 54833 |

3.വാച്ച് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതിനാൽ ഗുണഭോക്താവിന് അധിക തുക അനുവദിച്ചു.

ചെക്ക് നം.999777/28.3.18 പ്രകാരം അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത 3114166/- രൂപയിൽ ശ്രീമതി.കല്യാണി അയ്യപ്പൻ എന്നവരുടെ അക്കൗണ്ടിലേക്ക് 36667/- രൂപ ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ആയത് ഗുണഭോക്താവിന്റെ വാച്ച് രജിസ്റ്ററിൽ ചേർക്കാൻ വിട്ടു പോയതിനാൽ ചെക്ക് നം.999786/17.4.18 പ്രകാരം വീണ്ടും 36667/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് 66666/- രൂപ മാത്രമാണ് അനുവദിക്കേണ്ടത് എന്നിരിക്കെ ഗുണഭോക്താവിന് അധികമായി അനുവദിച്ച ധനസഹായം 36667/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 പാലിയേറ്റീവ് കെയർ പദ്ധതി-മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

പദ്ധതി നം.10/2018- പാലിയേറ്റീവ് കെയർ

നിർവ്വഹണം-മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി ,തിരുവില്വാമല
അടങ്കൽ -5,00,000/-

ചെലവ് -5,00,000/- ട്രഷറി ബിൽ നം.6/17-18 തുക-354227/- തിയ്യതി.17/10/2017

മേൽ പദ്ധതി പ്രകാരം പെയിൻ & പാലിയേറ്റീവ് കെയറിലെ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 345000/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ആയതിൽ 2,94,010/-രൂപയുടെ മരുന്നുകൾ നാളിതുവരെയായി വിതരണം ചെയ്തിട്ടുണ്ട്.ബാക്കി 50,990/-രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികൾ

I.പദ്ധതി നം. 11/2018 നെൽകൃഷിക്കാർക്ക് കൂലിച്ചെലവ്

അടങ്കൽ -71,59,506/-

ചെലവ് -71,59,506/-

ട്രഷറി ബിൽ നം. 1/17-18 തുക-3,00,000/- തിയ്യതി-25/08/2017

ട്രഷറി ബിൽ നം. 3/17-18 തുക-6,86,540/- തിയ്യതി-27/09/2017

ട്രഷറി ബിൽ നം. 4/17-18 തുക-15,80,643/- തിയ്യതി-30/10/2017

ട്രഷറി ബിൽ നം. 5/17-18 തുക-5,74,300/- തിയ്യതി-30/10/2017

ട്രഷറി ബിൽ നം. 7/17-18 തുക-16,13,676/- തിയ്യതി-12/12/2017

ട്രഷറി ബിൽ നം. 8/17-18 തുക-9,10,543/- തിയ്യതി-30/01/2018

ട്രഷറി ബിൽ നം. 9/17-18 തുക-3,23,967/- തിയ്യതി-30/01/2018

ട്രഷറി ബിൽ നം. 10/17-18 തുക-5,44,357/- തിയ്യതി-03/03/2018

ട്രഷറി ബിൽ നം. 11/17-18 തുക-6,25,480/- തിയ്യതി-03/03/2018

മേൽ പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രകാരം കൂലിച്ചെലവിനത്തിൽ 3 ലക്ഷം രൂപയാണ് ബ്ലോക്ക് വിഹിതമായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ട്രഷറി ബിൽ നം.7/17-18 തി.12/12/17പ്രകാരം 2,07,576/-രൂപയും, ട്രഷറി ബിൽ നം.9/17-18 തി.30/01/2018 പ്രകാരം 3,23,967/-രൂപയും കൂടി മൊത്തം 5,31,543/-രൂപ നൽകിയിട്ടുണ്ട്. അധികമായി 2,31,543/- രൂപ നൽകിയിരിക്കുന്നു.

2.ചേലക്കര ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രകാരം കൂലിച്ചെലവിനത്തിൽ 34 ലക്ഷം രൂപയാണ് ബ്ലോക്ക് വിഹിതമായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 29,52,963/- രൂപയേ നൽകിയിട്ടുള്ളൂ. കുറവ് 4,47,037/-രൂപ.

3.പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 പഞ്ചായത്തുകളുടെ തുക കൈപ്പറ്റിയതിനുള്ള രശീതിയും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.01.2019) മറുപടി ലഭിച്ചില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 71,59,506/- തടസ്സപ്പെടുത്തുന്നു.

II.പ്രൊജക്ട് നം.12/2018 പച്ചക്കറി കർഷകർക്ക് കൂലിച്ചെലവ്

അടങ്കൽ -6,40,067/-

ട്രഷറി ബിൽ നം. 02/17-18 തുക-3,90,000/- തിയ്യതി-25/08/2017

ട്രഷറി ബിൽ നം. 06/17-18 തുക-2,50,067/- തിയ്യതി-12/12/2017

മൊത്തം ചെലവ് -6,40,067/-

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 പഞ്ചായത്തുകളുടെ തുക കൈപ്പറ്റിയതിനുള്ള രശീതിയും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.01.2019) മറുപടി ലഭിച്ചില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,40,067/- തടസ്സപ്പെടുത്തുന്നു.

# 3-18 വർക്കിംഗ് ഗ്രൂപ്പുകൾ -പ്രവർത്തനം തൃപ്തികരമല്ല

ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ/9-1-2017 സർക്കാർ ഉത്തരവ് പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പിൽ 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള 12 വർക്കിംഗ് ഗ്രൂപ്പുകളിലും 12 -15 അംഗങ്ങൾ വീതമുണ്ട്. മുഴുവൻ അംഗങ്ങളും പങ്കെടുത്ത ഒരൊറ്റ വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും 2017-18 വർഷത്തിൽ നടക്കുകയുണ്ടായിട്ടില്ല. 2017-18 സാമ്പത്തികവർഷം 22.2.17, 4.3.17, 22.5.17 തീയതികളിലായി യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പ്രസ്തുത യോഗങ്ങളിൽ വിരലിലെണ്ണാവുന്നവർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. പദ്ധതി നിർദ്ദേശങ്ങൾ പല വർക്കിംഗ് ഗ്രൂപ്പിലും ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ രേഖപ്പെടുത്തിയതായോ കാണുന്നില്ല. പല വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിലും കൺവീനർ, ചെയർമാൻ എന്നിവർ ഒപ്പിട്ട് മിനിറ്റ്സ് ക്ലോസ് ചെയ്തിട്ടില്ല. പദ്ധതികളുടെ മോണിറ്ററിംഗ് ഇതേ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് നടത്തേണ്ടത് എന്നിരിക്കെ മിനിറ്റ്സിൽ ഒന്നിലും പദ്ധതി നിർവ്വഹണമോ ഫലപ്രാപ്തിയോ വിലയിരുത്തിയിട്ടില്ല. ബ്ലോക്ക്പഞ്ചായത്തിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടംവഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്കുപ്രകാരം സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും തുകകൾ ലഭിച്ചതായും B-4 ഷെഡ്യൂളിൽ ബാലൻസ് തുക നീക്കിയിരിപ്പുള്ളതായും കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെയും വിനിയോഗിച്ച തുകകളുടെയും കൃത്യമായ വിവരം തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുകയോ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് രൂപ നൽകുകയോ ചെയ്തിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ, മുൻബാക്കിയുടെ വിനിയോഗമോ ഇല്ല.

# 4-5 സ്ഥിര നിക്ഷേപം

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം 599870/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 182803368 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 171175273 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,47,68,044 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-15(3) | ഇല്ല | 36667 | വി.ശാന്താറാം, സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 12,00,000 | വി.ശാന്താറാം,സെക്രട്ടറി |
| 3-3 | 17,92,962 | ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി |
| 3-4 | 12,50,000 | 9,00,000-സജീവ്.എം.കെ, അസി.എക്സി.എഞ്ചിനീയർ 3,50,000-ജോയ് മുരിങ്ങാത്തേരി, അസി.എക്സി.എഞ്ചിനീയർ |
| 3-10(1) | 17,13,300 | ജയന്തി.പി.നായർ, സി.ഡി.പി.ഒ |
| (2) | 50,000 | |
| (3) | 2,25,434 | |
| (4) | 1,49,545 | |
| 3-11 | 12250 | വി.ശാന്താറാംസെക്രട്ടറി |
| 3-12(എ) | 197000 | വി.ശാന്താറാംസെക്രട്ടറി |
| (ബി) | 1,00,000 | വി.ശാന്താറാംസെക്രട്ടറി |
| (സി) | 2,49,200 | വി.ശാന്താറാംസെക്രട്ടറി |
| 3-13 | 28780 | വി.ശാന്താറാം, സെക്രട്ടറി - 1000/-<br>പി.ടി ഉണ്ണി, സെക്രട്ടറി - 27780/- |
| 3-17(I) | 7159506 | മിനി.കെ,കൃഷി അസി.ഡയറക്ടർ |
| (II) | 640067 | മിനി.കെ,കൃഷി അസി.ഡയറക്ടർ |
| ആകെ | 1,47,68,044 | |

v

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-1, 3-2, 3-3, 3-14, 3-15 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ശാന്താറാം, സെക്രട്ടറി | വിരമിച്ചു | ശാരദഭവനം, കരിക്കത്ത് ലൈൻ, എം.ജി റോഡ്, തൃശ്ശൂർ - 680 001 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ |
|---|---|

| | |
|---|---|
| | വിവരം |
| 1996-97 | എൽ എഫ് ടി 10-66/04/15.03.04/28.06.04 |
| 97-98 മുതൽ 2001-02വരെ(ജനകീയാസൂത്രണം) | എൽ എഫ് ടി (ബി.പി) 33/12/02.03.12 |
| 97-98, 98-99,99-2000, 2000-01, 01-02, 02-03, 03-04 | |
| 2004-05 | എൽ എഫ് ടി 21-2436/07, 27-12-08 |
| 2005-06 | എൽ.എഫ്.ടി.21-2437/07, 27-12-08/ 15.04.09 |
| 2006-07 മുതൽ 2010-11 | എൽ എഫ് ടി(ബി.പി)1659/12 തീ 15.12.12 /27.03.13 |
| 2011-12 | എൽ എഫ് ടി(ബി.പി)2138/2013 തീ 07.02.14 /14.03.14 |
| 2012-13 | എൽ എഫ് ടി(ബി.പി)1552/2014 തീ 12.01.15 /06.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബിപി)1180/15 തീയതി 12.10.15/21.10.15 |
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)380/17തീയതി 24.3.17 |
| 2016-17 | നംകെഎസ്എ.ടിഎസ്ആർ<br><br>(ബിപി.1)1752/2017തീയതി: 11.12.2017 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഴയന്നൂർബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം(AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ